തദ്ദേശ സ്വയംഭരണ സ്ഥാപന
ഉദ്യോഗസ്ഥർക്കായുള്ള

കൈപ്പുസ്തകം

# മാലിന്യ സംസ്കരണ നിയമ നടപടിക്രമങ്ങൾ

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ് പി. ഒ., തൃശ്ശൂർ

## മാലിന്യ സംസ്കരണ നിയമ നടപടിക്രമങ്ങൾ
## കൈപ്പുസ്തകം


**തയ്യാറാക്കിയത്**

നേഹ മിറിയം കുര്യൻ, *പ്രോഗ്രാം കോർഡിനേറ്റർ, ലീഗൽ റിസോർസ് സെന്റർ, കില*
ഡോ. ശ്രീജ കെ, *ട്രെയിനിംഗ് കോർഡിനേറ്റർ, കില–കെ.എസ്.ഡബ്ല്യൂ.എം.പി.*
ആരോമൽ എ. എസ്, *ലീഗൽ ഇന്റേൺ, ലീഗൽ റിസോർസ് സെന്റർ, കില*
അഞ്ജലി രാജഗോപാൽ, *ലീഗൽ ഇന്റേൺ, ലീഗൽ റിസോർസ് സെന്റർ, കില*

**രചനയിൽ സഹായിച്ചവർ**

ഡോ. ബാലകൃഷ്ണൻ കെ, *അസ്സോസിയേറ്റ് പ്രൊഫസ്സർ, നാഷണൽ യൂണിവേർസിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, കൊച്ചി*
ഡോ. ഹമീമ എം, *അസ്സോസിയേറ്റ് പ്രൊഫസ്സർ, ഗവണ്മെന്റ് ലോ കോളേജ്, തിരുവനന്തപുരം*
ഡോ. ലോവെൽമാൻ പി, *അസ്സോസിയേറ്റ് പ്രൊഫസ്സർ, ഗവണ്മെന്റ് ലോ കോളേജ്, കോഴിക്കോട്*
ഡോ. രാജേഷ് കെ, *സീനിയർ അർബൻ ഫെല്ലോ, കില*
വിജി എസ്, *അസിസ്റ്റന്റ് പ്രൊഫസ്സർ, ഗവണ്മെന്റ് ലോ കോളേജ്, തിരുവനന്തപുരം*
സുരേഷ് ചന്ദ്രൻ ആർ, *അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ (സീനിയർ ഗ്രേഡ്)*
മുഹമ്മദ് ഹുവൈസ്, *ജോയിന്റ് ഡയറക്ടർ (ഡബ്ല്യൂ.എം), എൽ.എസ്.ജി.ഡി.*
രാജേഷ് ടി. വർഗീസ്, *ഡൊമൈൻ എക്സ്പേർട്ട്, ഐ.കെ.എം*
ജഗജീവൻ എൻ, *ക്യാമ്പയിൻ കൺസൾട്ടന്റ്, ശുചിത്വ മിഷൻ*
അജയകുമാർ പി, *പ്രോഗ്രാം ഓഫീസർ, നവകേരളം കർമ്മപദ്ധതി*
അനിൽ കുമാർ എൻ.വി, *എസ്.ഡബ്ല്യൂ.എം എക്സ്പേർട്ട്, കെ.എസ്.ഡബ്ല്യൂ.എം.പി.*
ബാലഗംഗാധരൻ ആർ, *കൺസൾട്ടന്റ്, ഹെല്പ്–ഡെസ്ക്, കില*
നന്ദകുമാർ സി, *മെമ്പർ, സ്റ്റേറ്റ് റിസോർസ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്*
നീതു ലാൽ, *ഡയറക്ടർ (ഓപ്പറേഷൻസ്), ശുചിത്വ മിഷൻ*
സുബോധ് എസ്, *ജോയിന്റ് ഡയറക്ടർ, എൽ.എസ്.ജി.ഡി.*
സുജിത്ത് ടി. കെ, *സെക്രട്ടറി, ചേർത്തല നഗരസഭ*
സുനിൽ സി.പി, *കൺസൾട്ടന്റ്, ഹെല്പ്–ഡെസ്ക്, കില*
വിമൽ കുമാർ കെ. എൻ, *മെമ്പർ, സ്റ്റേറ്റ് റിസോർസ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്*

**ലേഔട്ട് ഡിസൈൻ**

അഭിരാം.കെ.ടി.കെ



**പ്രസാധനം**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില),
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ – 680581
ഫോൺ – +91–487–2207000, 2201312
ഫാക്സ്: +91–487–2201062
ഇമെയിൽ: info@kila.ac.in
വെബ്സൈറ്റ്: http://www.kila.ac.in

**അച്ചടി**

കോപ്പറേറ്റീവ് പ്രസ്സ് മുളങ്കുന്നത്തുകാവ് – Mob: 9895566621

**ആദ്യപതിപ്പ് – 13 നവംബർ 2024**

തദ്ദേശ സ്വയംഭരണ സ്ഥാപന
ഉദ്യോഗസ്ഥർക്കായുള്ള

കൈപ്പുസ്തകം

# മാലിന്യ സംസ്കരണ
# നിയമ നടപടിക്രമങ്ങൾ

# സന്ദേശം



**എം.ബി. രാജേഷ്**
തദ്ദേശ സ്വയംഭരണം, എക്സൈസ്,
പാർലമെന്ററി കാര്യം വകുപ്പ് മന്ത്രി

"കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതിക്ക് വെല്ലുവിളി ഉയർത്തുന്ന മാലിന്യ പ്രശ്നത്തിന് ശാസ്ത്രീയ പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനുമായി മുന്നോട്ട് പോകുന്നത്. വിവിധ ജനവിഭാഗങ്ങളെ ഒന്നിച്ച് അണിനിരത്തിയ സർവതല സ്പർശിയായ ക്യാമ്പയിനിലൂടെ മാലിന്യ സംസ്കരണ രംഗത്ത് ഒരു പുത്തൻ മാതൃക സൃഷ്ടിക്കാൻ നമ്മുടെ സംസ്ഥാനത്തിന് കഴിയുമെന്ന് പ്രത്യാശിക്കുന്നു. മാലിന്യ സംസ്കരണത്തിൽ കുറ്റകരമായ വീഴ്ച വരുത്തുന്നത് തടയാനും, അത്തരം നിയമലംഘകരെ കണ്ടെത്താനും, മാതൃകാപരമായി നിയമനടപടികൾക്ക് വിധേയമാക്കുന്നതിനും നമ്മുടെ നിയമം നിഷ്കർഷിക്കുന്നുണ്ട്. ഇവ കൃത്യമായി നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് സഹായകമാകുന്ന ഒരു കൈപ്പുസ്തകമാണ് കിലയുടെ നേതൃത്വത്തിൽ പുറത്തിറക്കുന്ന "മാലിന്യ സംസ്കരണത്തിലെ നിയമനടപടികൾ". ഇത് മാലിന്യ സംസ്കരണത്തിലെ വീഴ്ചകൾക്കെതിരെ കൃത്യമായ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശക്തമായ പിന്തുണ നൽകുമെന്ന് പ്രത്യാശിക്കുന്നു.



**എം.ബി. രാജേഷ്**

# സന്ദേശം



**എ. നിസാമുദ്ദീൻ IAS**
ഡയറക്ടർ ജനറൽ, കില
മിഷൻ ഡയറക്ടർ, MGNREGS

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മാലിന്യ സംസ്കരണ രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങൾ കേരളത്തിന്റെ മുഖഛായ മാറ്റുന്നതിനും പുതിയ മാതൃക സൃഷ്ടിക്കാൻ കഴിയുന്നതാണ്. മാലിന്യ സംസ്കരണത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നിയമ നടപടികൾ ഇതോടൊപ്പം സ്വീകരിക്കേണ്ടതുമാണ്. കേരള പഞ്ചായത്ത് രാജ്, നഗരപാലിക നിയമങ്ങളിൽ 2024 മാർച്ചിൽ വന്ന നിയമഭേദഗതി വഴി നിയമങ്ങളും നടപടി ക്രമങ്ങളും കൂട്ടുതൽ കർശനമാക്കിയിട്ടുണ്ട്. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ശക്തമായി നടപ്പാക്കുന്നതിനുള്ള നിയമ സഹായി എന്ന രീതിയിലാണ് "മാലിന്യ സംസ്കരണം– നിയമനടപടിക്രമങ്ങൾ" തയ്യാറാക്കിയിട്ടുള്ളത്.

നിയമ ലംഘകർക്ക് എതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനും കില പ്രസിദ്ധീകരിക്കുന്ന ഈ കൈപ്പുസ്തകം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പിന്തുണാ സംവിധാനമാകട്ടെ എന്നും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നതിനും സഹായകരമാകട്ടെ എന്നും ആശംസിക്കുന്നു.

**എ. നിസാമുദ്ദീൻ IAS**

# അവതാരിക

കേരളത്തിന്റെ ഭൂപ്രകൃതി, വൃത്തിയുള്ള പരിസ്ഥിതി മേഖലയായി സംസ്ഥാനത്തെ നില നിർത്താൻ സഹായിക്കുന്നു. ശുചിത്വ മേഖലയിൽ നാം നടത്തിയിട്ടുള്ള ഇടപെടലുകൾ കൂടുതൽ ഫലപ്രദമാക്കിയിട്ടുണ്ട്. ശുചിത്വത്തിന്റെ പ്രാഥമികലക്ഷ്യം കൈവരിച്ചിട്ടുണ്ടെങ്കിലും വിവിധങ്ങളായ പ്രശ്നങ്ങളും പ്രതിസന്ധികളും ഈ രംഗത്ത് നിലനിൽക്കുന്നു. വ്യക്തിശുചിത്വത്തിലും ഗൃഹശുചിത്വത്തിലും നാം മുന്നിലാണെങ്കിലും പരിസര ശുചിത്വത്തിൽ വളരെ പിന്നിലാണ്. നമ്മുടെ  പൊതുബോധം ഇപ്പോഴും വ്യക്തി കേന്ദ്രീകൃതമാണ്.

ഈ വസ്തുതകൾ കണക്കിലെടുത്തുകൊണ്ടാണ് 2017ൽ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി മാലിന്യമുക്ത കേരളത്തിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത്. 2022ൽ ശാസ്ത്രീയ മാലിന്യ പരിപാലനം ഉറപ്പാക്കുന്നതിനായി ഒരു ബഹുജന ക്യാമ്പയിൻ തുടങ്ങി. 2023ലെ ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിലെ അപകടത്തെ തുടർന്ന് ക്യാമ്പയിൻ പ്രവർത്തനങ്ങൾ പുതിയ തലങ്ങളിലേക്ക് ഏറ്റെടുക്കുകയും ചെയ്തു.

മാലിന്യ സംസ്കരണ സംവിധാനം ഫലപ്രദമായി നടപ്പിലാക്കിയും വലിച്ചെറിയൽ സംസ്കാരത്തിന് എതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി മുന്നേറുമ്പോൾ തന്നെ നിയമ ലംഘകർക്കെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കുറ്റകൃത്യങ്ങൾക്ക് നിയമാനുസൃതമായി പിഴ ഈടാക്കുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്ത് –മുനിസിപ്പൽ നിയമങ്ങളിൽ വ്യവസ്ഥ ഉണ്ടെങ്കിലും ഇവ നടപ്പിലാക്കാത്തതിനാൽ നിയമലംഘനങ്ങൾ വ്യാപകമാകുന്നുണ്ട്.

മാലിന്യ പരിപാലനത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിൽ നിയമപരമായ ഉത്തരവാദിത്വം മുഖ്യമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് അധികാര സ്ഥാനങ്ങളുമായി ചേർന്ന്, പരിസ്ഥിതി നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുക എന്ന നിർണ്ണായകമായ ദൗത്യം കൂടുതൽ ഫലപ്രദമായി ഏറ്റെടുക്കേണ്ടതുണ്ട്. മാലിന്യമുക്ത നവകേരളം കൈവരിക്കുന്നതിനായി ചാക്രിക സമ്പദ് വ്യവസ്ഥ (സർക്കുലർ ഇക്കോണമി) മാലിന്യരഹിത സമീപനം (സീറോ വേസ്റ്റ് അപ്രോച്ച്) മാലിന്യ സമ്പത്ത് –തുടങ്ങിയ നവീനമായ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനു പുറമേ, കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുകയും പ്രോസീക്യൂഷൻ നടപടികൾ നടപ്പിലാക്കുകയും വേണം.

മാലിന്യമുക്തവും വൃത്തിയുള്ളതുമായ ചുറ്റുപാടിൽ ജീവിക്കാനുള്ള അവകാശം നമ്മുടെ ഭരണഘടനയുടെ 21–ആം അനുച്ഛേദ പ്രകാരമുള്ള മൗലികവകാശം തന്നെയാണ്. ആ അവകാശം സംരക്ഷിക്കപ്പെടുന്നതിനായി ശക്തമായ നിയമങ്ങൾ നമുക്കുണ്ട്. അവ ഫലപ്രദമായി വിനിയോഗിക്കപ്പെടണം.

നമ്മുടെ ജലസ്രോതസ്സുകൾ, തണ്ണീർത്തടങ്ങൾ, കുടിവെള്ള സ്രോതസ്സുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവയെല്ലാം മാലിന്യ കൂമ്പാരങ്ങളാൽ നശിപ്പിക്കുന്നവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടു വരുകയും അതുവഴി സുരക്ഷിതവും മനോഹരവുമായ ഒരു കേരളത്തെ സൃഷ്ടിക്കേണ്ടതുണ്ട്. ഇതിനായി ഫലപ്രദമായ എൻഫോഴ്സ്മെന്റ് നടപടികൾ അനിവാര്യമാണ്.

നിയമലംഘകർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന്റെ മുന്നോടിയായി ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നതിന്റെ ഭാഗമായിട്ടാണ് ഈ കൈപുസ്തകം തയ്യാറാക്കിയിട്ടുള്ളത്. ബന്ധപ്പെട്ടവർക്ക് ഉപകാരപ്രദമാകുമെന്ന് വിശ്വസിക്കുന്നു.

**എഡിറ്റോറിയൽ ടീം**

# ഉള്ളടക്കം


| | | |
|---|---|---|
| **1.** | **മാലിന്യ സംസ്കരണത്തിലെ നിയമനടപടികൾ കൈക്കൊള്ളുന്നതിലെ അടിസ്ഥാന തത്വങ്ങളും നടപടിക്രമങ്ങളും** | **09** |
| 1.1. | മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്കെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥൻ | 09 |
| 1.2. | മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിലെ നടപടിക്രമം | 10 |
| | എ. സ്പോട്ട് ഫൈൻ ചുമത്തൽ | 10 |
| | ബി. സെക്രട്ടറി കുറ്റാരോപിതനെ കേട്ട് പിഴ ചുമത്തൽ | 10 |
| | സി. കുറ്റങ്ങൾ രാജിയാക്കൽ | 10 |
| | ഡി. പ്രോസിക്യൂഷൻ നടപടികൾ | 10 |
| 1.3 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധി | 11 |
| 1.4 | പരിശോധിക്കുവാനുള്ള അധികാരവും നടപടികളും | 11 |
| 1.5 | റവന്യൂ റിക്കവറി നടപടിക്രമം | 11 |
| **2.** | **പ്രധാനമായും കാണുന്ന കുറ്റകൃത്യങ്ങളും നൽകാവുന്ന ശിക്ഷകളും പാലിക്കേണ്ട നടപടിക്രമങ്ങളും** | **13** |
| 2.1. | പൊതുസ്ഥലങ്ങളിലേക്കോ സ്വകാര്യ സ്ഥലങ്ങളിലേക്കോ മാലിന്യം വലിച്ചെറിയുന്നത് | 13 |
| 2.2. | കടകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും പരിസരം വൃത്തിയായി സൂക്ഷിക്കാതിരിക്കുന്നത് | 14 |
| 2.3. | മാലിന്യം വേർതിരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ അംഗീകൃത ഏജൻസിക്കോ കൈമാറാതിരിക്കുന്നത് | 16 |
| 2.4. | യൂസർ ഫീസ് നൽകുന്നതിൽ വീഴ്ച വരുത്തുന്നത് | 17 |
| 2.5. | നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ ഖരമാലിന്യങ്ങൾ സംഭരിക്കുന്നതിനും നിക്ഷേപിക്കുന്നതിനും മാലിന്യ ഉത്പാദകർക്കുള്ള ചുമതലകളിൽ വീഴ്ച വരുത്തുന്നത് | 18 |
| 2.6. | ഉപയോഗിച്ച വെള്ളം പൊതു സ്ഥലങ്ങളിലേക്കോ ജലാശയങ്ങളിലേക്കോ ഒഴുക്കുന്നത് | 19 |
| 2.7. | ഖരമാലിന്യവും മലിനജലവും ഉറവിടത്തിൽ തന്നെ യഥാക്രമത്തിൽ കൈകാര്യം ചെയ്യാത്തത് | 20 |
| 2.8. | താമസസ്ഥലമല്ലാത്ത പരിസരങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചവറും ഖരമാലിന്യങ്ങളും നീക്കം ചെയ്യാതിരിക്കുന്നത് | 21 |
| 2.9. | മൃഗത്തിന്റെ തോൽ, മൃഗത്തിന്റെ ശവം എന്നിവ തെറ്റായ രീതിയിൽ കൈയ്യൊഴിയുന്നത് | 22 |
| 2.10. | മാലിന്യമോ ചവറോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നത് | 23 |
| 2.11. | അനധികൃതമായി മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ കൊണ്ടു പോകുന്നതിന് ഉപയോഗിച്ച വാഹനം പിടിച്ചെടുക്കലും കണ്ടുകെട്ടലും | 24 |
| **3.** | **നടപടിക്രമങ്ങളും പ്രധാനപ്പെട്ട രേഖകളും** | **27** |
| 3.1. | പരിശോധനയ്ക്കായി പോകുമ്പോൾ പ്രായോഗികമായി ശ്രദ്ധിക്കേണ്ടത്: | 27 |
| 3.2. | മഹസ്സർ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്: | 27 |
| 3.3. | കോടതിയിൽ പ്രോസിക്യൂഷൻ നടത്തുമ്പോൾ ശ്രദ്ധിക്കേണ്ടത് | 28 |
| 3.4. | രാജിയാക്കൽ നടപടിക്രമം | 29 |
| 4. | മാതൃക രേഖകൾ | 31 |
| **5.** | **അനുബന്ധം: മറ്റ് നിയമങ്ങളിലെ പ്രസക്ത വകുപ്പുകൾ** | **45** |
| **6.** | **വകുപ്പുകൾ ഒറ്റനോട്ടത്തിൽ** | **53** |

# 1

# മാലിന്യ സംസ്കരണത്തിലെ നിയമനടപടികൾ കൈക്കൊള്ളുന്നതിലെ അടിസ്ഥാന തത്വങ്ങളും നടപടിക്രമങ്ങളും

പരിസ്ഥിതി സംരക്ഷണവും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ അവയുടെ ഗൗരവം മൂലം ക്രിമിനൽ സ്വഭാവമുള്ളതായി കണക്കാക്കപ്പെടുന്നു. അവ കേവലം വ്യക്തികൾ തമ്മിലുള്ള തർക്കങ്ങളായിട്ടല്ല, മറിച്ച് ഭരണകൂടത്തിനും പൗരസമൂഹത്തിനും പരിസ്ഥിതിക്കും എതിരായ കുറ്റകൃത്യങ്ങളായിട്ടാണ് കണക്കാക്കപ്പെടുന്നത്. തൽഫലമായി, ഈ കുറ്റകൃത്യങ്ങളിൽ പലതിലും തടവുശിക്ഷ വരെ ലഭിക്കാം.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കുറ്റങ്ങൾ ഫലപ്രദമായി നേരിടാൻ, നിയമ നടപടികളുടെ, പ്രധാനമായും ക്രിമിനൽ നിയമനടപടികളുടെ സങ്കീർണതകൾ മനസ്സിലാക്കേണ്ടതുണ്ട്. ഈ അറിവ് നോട്ടീസ് തയ്യാറാക്കുന്നതിനും, മഹസ്സർ തയ്യാറാക്കുന്നതിനും, തെളിവ് ശേഖരണം നടത്തുന്നതിനും, പരാതി തയ്യാറാക്കുന്നതിനും, മാലിന്യ നിർമാർജ്ജന കുറ്റകൃത്യങ്ങൾ ചെയ്യുന്ന വ്യക്തികൾക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും സഹായകമാകും. സ്പോട്ട് ഫൈൻ ചുമത്തുമ്പോഴും കോടതിയിൽ അന്യായം ഫയൽ ചെയ്യുമ്പോഴും കുറ്റങ്ങൾ രാജിയാക്കുമ്പോഴും ഇവയെല്ലാം അറിഞ്ഞിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങളും ചുമതലകളും ഉൾക്കൊള്ളുന്നത് 1986–ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലും, അതിന് കീഴിൽ വരുന്ന ചട്ടങ്ങളിലുമാണ്. കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്ന നിയമനടപടികളും ശിക്ഷകളും നടപടിക്രമവും വിവരിക്കുന്നത് 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലും, 1994–ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലും, ഇവയിൽ 2024–ൽ കൊണ്ടുവന്ന ഭേദഗതികളിലുമാണ്. ഇന്ത്യയിലെ ക്രിമിനൽ നടപടികളുടെ അടിസ്ഥാന തത്വങ്ങൾ ഇതിനെ നയിക്കുകയും ചെയ്യുന്നു. ഇവയെല്ലാം വിവരിച്ചുകൊണ്ട് പ്രോസിക്യൂഷൻ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ ഏറ്റെടുക്കുന്നതിൽ കൂടുതൽ വ്യക്തത കൊണ്ടുവരുന്ന രീതിയിലുമാണ് ഈ കൈപ്പുസ്തകം ക്രമീകരിച്ചിക്കുന്നത്. മാലിന്യ സംസ്കരണത്തെ സംബന്ധിച്ച നിയമ വ്യവസ്ഥയുടെ അടിസ്ഥാന തത്വങ്ങളും, വകുപ്പുകളും, നടപടിക്രമവും, മാതൃക രേഖകളും ഈ കൈപ്പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1.1. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്കെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥൻ

തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഏതെങ്കിലും രീതിയിലുള്ള കുറ്റകൃത്യം നടന്നിട്ടുണ്ട് എന്ന് വിവരം ലഭിച്ചാൽ നടപടി സ്വീകരിക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എക്സിക്യൂട്ടീവ് ഓഫീസർ എന്ന നിലയിൽ സെക്രട്ടറി, അല്ലെങ്കിൽ സെക്രട്ടറിയോ തദ്ദേശ സ്വയംഭരണ സ്ഥാപനമോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനാണ്. പ്രോസിക്യൂഷൻ നടപടികൾ നടത്തേണ്ട സാഹചര്യത്തിൽ കുറ്റകൃത്യം നടന്ന് 12 മാസത്തിനുള്ളിൽ അന്യായം ബോധിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. പോലീസ്, അല്ലെങ്കിൽ

സെക്രട്ടറി, അല്ലെങ്കിൽ സെക്രട്ടറിയോ തദ്ദേശ സ്വയംഭരണ സ്ഥാപനം ഇതിലേക്കായി പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ ആണ് കോടതിയിൽ അന്യായം സമർപ്പിക്കേണ്ടത്.

## 1.2. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിലെ നടപടിക്രമം

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ പ്രധാനമായും നാല് രീതിയിലുള്ള നടപടികൾ സ്വീകരിക്കാം. താഴെ പറഞ്ഞിരിക്കുന്ന നാല് രീതിയിൽ നടപടികളെ വേർതിരിച്ച് കാണാമെങ്കിലും നിയമനടപടികൾ പല സാഹചര്യത്തിലും ഇതിന്റെ ഒരു സംയോജിതമായി ഏറ്റെടുക്കേണ്ടി വരും.

### എ. സ്പോട്ട് ഫൈൻ ചുമത്തൽ

മാലിന്യം വലിച്ചെറിയുന്നതും കത്തിക്കുന്നതും കുഴിച്ചുമൂടുന്നതും ബോദ്ധ്യപ്പെടുന്ന പക്ഷം സ്പോട്ട് ഫൈൻ ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്തുകളിൽ കടകളുടെയും മറ്റ് വാണിജ്യ സ്ഥാപനങ്ങളുടെയും പരിസരം വൃത്തിയായി സൂക്ഷിച്ചില്ലെങ്കിലും സ്പോട്ട് ഫൈൻ ചുമത്താവുന്നതാണ്. സ്പോട്ട് ഫൈൻ ചുമത്താൻ സെക്രട്ടറിക്കും സെക്രട്ടറി പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനും അധികാരമുണ്ട്. ഇങ്ങനെയുള്ള സാഹചര്യത്തിൽ നോട്ടീസ് നൽകേണ്ടതില്ല; ഉദ്യോഗസ്ഥന് കണ്ട് ബോദ്ധ്യപ്പെട്ടാൽ മതിയാകും. എന്നാൽ സ്പോട്ട് ഫൈൻ നടപടിക്ക് വിധേയനായ വ്യക്തി 15 ദിവസത്തിനകം പിഴത്തുക നൽകാൻ വിസ്സമ്മതിക്കുന്ന പക്ഷം പ്രോസിക്യൂഷൻ നടപടികളിലേക്ക് പോകേണ്ടതാണ്.

### ബി. സെക്രട്ടറി കുറ്റാരോപിതനെ കേട്ട് പിഴ ചുമത്തൽ

ചില കുറ്റകൃത്യങ്ങളെ സംബന്ധിച്ച് സെക്രട്ടറിക്ക് വിവരം ലഭിക്കുന്ന പക്ഷം കുറ്റാരോപിതന് നോട്ടീസ് നൽകി അവർക്ക് പറയാനുള്ളത് കേട്ടിട്ട്, അവരുടെ മേൽ സെക്രട്ടറിക്ക് തന്നെ പിഴ ചുമത്താവുന്നതാണ്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ വകുപ്പ് 219വൈ കെ.പി.ആർ.എ അനുസരിച്ചും വകുപ്പ് 345എ കെ.എം.എ അനുസരിച്ചും പിഴത്തുക എത്ര എന്ന് തീരുമാനിക്കാൻ ബന്ധപ്പെട്ട നിയമത്തിലെ വ്യവസ്ഥകളും, മാലിന്യത്തിന്റെ വലിപ്പം അല്ലെങ്കിൽ അളവും സെക്രട്ടറി കണക്കിലെടുക്കേണ്ടതാണ്. അതോടൊപ്പം മാലിന്യത്തിന്റെ സ്രോതസ്സും ശ്രദ്ധിക്കേണ്ടതാണ്– വീട്ടിൽ നിന്നാണോ, അതോ ഏതെങ്കിലും സ്ഥാപനത്തിൽ നിന്നാണോ– സ്ഥാപനത്തിന്റെ തരം അവയുടെ വലിപ്പം സ്ഥാനം മുതലായവയും കണക്കിലെടുക്കേണ്ടതാണ്.

### സി. കുറ്റങ്ങൾ രാജിയാക്കൽ

രാജിയാക്കൽ എന്നത് പ്രോസിക്യൂഷൻ പ്രക്രിയയുടെ പ്രാരംഭ ഘട്ടത്തെ പ്രതിനിധീകരിക്കുന്നു. രണ്ടു കൂട്ടരുടെയും താൽപര്യത്തിൽ പ്രോസിക്യൂഷൻ നടപടികളിലേക്ക് പോകാതെ കേസ് അന്തിമമാക്കുന്നതാണ് രാജിയാക്കൽ നടപടികൾ. എന്നാൽ കുറ്റാരോപിതർക്ക് ഗൗരവമേറിയ കുറ്റങ്ങൾക്കും വകുപ്പിൽ തടവ് ശിക്ഷ നിർദ്ദേശിച്ചിരിക്കുന്നതുമായ കുറ്റകൃത്യങ്ങൾക്കും കുറ്റങ്ങൾ രാജിയാക്കാനുള്ള അവസരം ലഭ്യമല്ല. അതുപോലെ തന്നെ ഒരിക്കൽ ചെയ്ത കുറ്റം തന്നെ ആവർത്തിക്കുന്ന സ്ഥിതിയിലും രാജിയാക്കാൻ വ്യവസ്ഥയില്ല. അങ്ങനെയുള്ള സാഹചര്യങ്ങളിൽ പ്രോസിക്യൂഷൻ നടപടികൾ തന്നെ സ്വീകരിക്കേണ്ടതാണ്.

1996ലെ കേരള പഞ്ചായത്ത് രാജ് (കുറ്റങ്ങൾ രാജിയാക്കൽ) ചട്ടങ്ങളിൽ നിലവിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ പട്ടികയിൽ ഇല്ലാത്തതിനാൽ അവ ഒന്നും രാജിയാക്കാൻ സാധിക്കുന്നതല്ല. 1996ലെ കേരള മുനിസിപ്പാലിറ്റി (കുറ്റങ്ങൾ രാജിയാക്കൽ) ചട്ടങ്ങളിൽ ചില കുറ്റങ്ങൾ രാജിയാകാവുന്നതാണ്.

### ഡി. പ്രോസിക്യൂഷൻ നടപടികൾ

ചില കുറ്റകൃത്യങ്ങൾക്ക് കോടതി വഴിയുള്ള പ്രോസിക്യൂഷൻ നടപടികളാണ് നിയമം അനുശാസിക്കുന്നത്. കൂടാതെ സ്പോട്ട് ഫൈൻ ചുമത്തുന്ന കുറ്റകൃത്യങ്ങളുടെ സാഹചര്യത്തിൽ കുറ്റാരോപിതർ പിഴത്തുക അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയാൽ സെക്രട്ടറി പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കേണ്ടതാണ്.

ഇങ്ങനെയുള്ള കുറ്റകൃത്യങ്ങളിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനായി കോടതിയുടെ അധികാര പരിധി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതാത് പ്രദേശത്ത് അധികാരമുള്ള ജുഡീഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേറ്റ് കോടതിക്കാണ് വിചാരണ ചെയ്യാനുള്ള അധികാരം [1997 ലെ കേരള പഞ്ചായത്ത് രാജ് (കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിന് അധികാരപ്പെടുത്തൽ) ചട്ടം; 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്].

കൂടാതെ കോടതി നടപടികൾക്കായി തയ്യാറാക്കേണ്ട രേഖകളും പ്രാധാന്യം അർഹിക്കുന്നു; ഉദ്ദാഹാരണത്തിനു നോട്ടീസ്, മഹസ്സർ, അന്യായം, മുതലായ അനുബന്ധ രേഖകൾ. ഇതിന്റെ കൂടുതൽ വിശദാംശങ്ങൾ അടുത്ത അദ്ധ്യായങ്ങളിൽ നൽകിയിരിക്കുന്നു.

## 1.3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധി

കുറ്റം നടന്ന പ്രദേശത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനമാണ് നടപടികൾ സ്വീകരിക്കേണ്ടത്. കുറ്റകൃത്യം ഒന്നിലധികം പ്രദേശങ്ങളിൽ വ്യാപിക്കുന്ന സാഹചര്യങ്ങളിൽ, ഏതു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനും നടപടികൾ സ്വീകരിക്കാവുന്നതാണ്. കോടതി നടപടികളിലേക്ക് പോകേണ്ടതുണ്ടെങ്കിൽ അതാത് പ്രദേശത്ത് അധികാരമുള്ള കോടതിയിലാണ് അന്യായം നൽകേണ്ടതും വിചാരണ നടക്കേണ്ടതും. പരാതിയിൽ നൽകിയിരിക്കുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിലാണ് അധികാരപരിധി നിശ്ചയിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട കേസുകൾ ജുഡീഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേറ്റ് കോടതിയാണ് വിചാരണ ചെയ്യേണ്ടത് (1997 ലെ കേരള പഞ്ചായത്ത് രാജ് (കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിന് അധികാരപ്പെടുത്തൽ) ചട്ടം; 1994 ലെ കേരള മുനിസിപ്പാലിറ്റി അക്ട്).

## 1.4. പരിശോധിക്കുവാനുള്ള അധികാരവും നടപടികളും

കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരവും പ്രസ്തുത നിയമങ്ങളിലെ മാലിന്യ സംസ്കരണം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഏതു സമയത്തും ഏതു സ്ഥലവും പരിശോധിക്കാവുന്നതാണ് [വകുപ്പ് 219ആർ, കെ.പി.ആർ.എ; വകുപ്പ് 344, കെ.എം.എ]. ഇത്തരത്തിൽ പരിശോധന നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അദ്ധ്യായം 3–ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1.5. റവന്യൂ റിക്കവറി നടപടിക്രമം

മറ്റ് ഏത് രീതിയിലുള്ള വസൂലാക്കലിനും ഭംഗം വരാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 1968ലെ കേരള റവന്യൂ റിക്കവറി ആക്ടിന്റെ വ്യവസ്ഥകൾ അനുസരിച്ച് ഭൂമിയിൻ മേലുള്ള നികുതി കുടിശ്ശിക എന്ന പോലെ നികുതി, ഫീസ് തുടങ്ങിയ എല്ലാ തുകകളും ഈടാക്കാവുന്നതാണെന്ന് പഞ്ചായത്ത് – മുനിസിപ്പൽ ആക്ടുകളിൽ വ്യവസ്ഥയുള്ളതാണ് [വകുപ്പ് 210, കെ.പി.ആർ.എ; വകുപ്പ് 538ബി, കെ.എം.എ].

നിലവിൽ rr.kerala.gov.in എന്ന വെബ്സൈറ്റിൽ കയറി ന്യൂ റിക്വിസിഷൻ എന്ന ലിങ്ക് ഉപയോഗിച്ച് റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കാവുന്നതാണ്. ലിങ്കിൽ വിശദാംശങ്ങൾ രേഖപ്പെടുത്തിയതിനു ശേഷം ടി വിവരങ്ങൾ ബന്ധപ്പെട്ട താലൂക്ക് ഓഫീസിനു ലഭിക്കുകയും ആയത് ബന്ധപ്പെട്ട വില്ലേജ് ഓഫീസിനു കൈമാറി നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

2

# പ്രധാനമായും കാണുന്ന കുറ്റകൃത്യങ്ങളും നൽകാവുന്ന ശിക്ഷകളും പാലിക്കേണ്ട നടപടിക്രമങ്ങളും

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ടിലും കേരള മുനിസിപ്പാലിറ്റി ആക്ടിലും കൂടാതെ 1986–ലെ കേന്ദ്ര പരിസ്ഥിതി ആക്ടിന്റെ കീഴിൽ വരുന്ന ചട്ടങ്ങളിലും ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇവയിൽ ശിക്ഷാനടപടികളെ സംബന്ധിച്ച് കൂടുതൽ പ്രസക്തം കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപാലിറ്റി ആക്ടുകളും, 2024 മാർച്ചിൽ ഇവയിൽ വന്ന ഭേദഗതികളുമാണ്. ഈ അദ്ധ്യായത്തിൽ പ്രധാനമായും കേരള പഞ്ചായത്ത് രാജ് ആക്ടിലും, കേരള മുനിസിപ്പാലിറ്റി ആക്ടിലും ഉൾപ്പെടുന്ന, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപടികൾ സ്വീകരിക്കാൻ സാധിക്കുന്ന, വകുപ്പുകളുടെ വിശദാംശങ്ങൾ ആണ്. നിയമനടപടികൾ എടുക്കുവാൻ ഉത്തരവാദിത്വപ്പെട്ട അധികാരികൾക്ക് ഉപയോഗപ്രദമാകുന്ന വിധത്തിൽ, മാലിന്യം കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പ്രധാനമായും കാണുന്ന കുറ്റകൃത്യങ്ങളും അവക്ക് നൽകാവുന്ന ശിക്ഷകളും നടപടിക്രമങ്ങളും തുടർ നടപടികളും ചുവടെ വിവരിച്ചിരിക്കുന്നു.

## 2.1. പൊതുസ്ഥലങ്ങളിലേക്കോ സ്വകാര്യ സ്ഥലങ്ങളിലേക്കോ മാലിന്യം വലിച്ചെറിയുന്നത്

| നിയമം | കേരള പഞ്ചായത്ത് രാജ് ആക്ട് | കേരള മുനിസിപ്പാലിറ്റി ആക്ട് |
|---|---|---|
| വകുപ്പ് | 219എൻ | 340 |
| നടപടിക്രമം | സ്പോട്ട് ഫൈൻ | |
| പിഴ | അയ്യായിരം രൂപ വരെ പിഴ | |
| പിഴ ചുമത്തേണ്ട അധികാരി | സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി ഈ ആവശ്യത്തിലേക്കായി പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥ(ൻ) | |
| പിഴ ഒടുക്കിയില്ലെങ്കിലുള്ള തുടർ നടപടി | പ്രോസിക്യൂഷൻ (ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ്) | |

**വകുപ്പ് വിവരണം:**

മാലിന്യം ഇടുന്നതിനുവേണ്ടി ഉദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിലൊഴികെ തെരുവിലോ ഓടയിലോ പൊതുസ്ഥലത്തോ, സ്വകാര്യ ഭൂമിയിലോ യാതൊരാളും ഏതെങ്കിലും മാലിന്യം വലിച്ചെറിയുകയോ വലിച്ചെറിഞ്ഞ് വൃത്തികേടാക്കുകയോ തള്ളുകയോ കത്തിക്കുകയോ കുഴിച്ചു മൂടുകയോ അല്ലെങ്കിൽ അത്തരം പ്രവർത്തികൾ ചെയ്യുന്നതിന് കാരണമാവുകയോ ചെയ്യുന്നത് ശിക്ഷാർഹമാണ്. [വകുപ്പ് 219എൻ, കെ.പി.ആർ.എ; വകുപ്പ് 340, കെ.എം.എ]

**കുറിപ്പ്:**

1. വകുപ്പ് 219എൻ കെ.പി.ആർ.എ/ വകുപ്പ് 340 കെ.എം.എ –ന്റെ ആവശ്യത്തിലേക്കായി മറ്റേതെങ്കിലും ഉദ്യോഗസ്ഥനെയോ ഉദ്യോഗസ്ഥയെയോ സെക്രട്ടറിക്ക് പ്രത്യേകമായി അധികാരപ്പെടുത്താവുന്നതാണ്. അത് സംബന്ധിച്ച് വ്യക്തമായ ഉത്തരവ് സെക്രട്ടറി പുറപ്പെടുവിക്കണം. വാർഡ് തിരിച്ച് അധികാരം നല്കാവുന്നതാണ്.
2. പരാതിയുടെയോ, നേരിട്ടോ അല്ലാതെയോ ലഭ്യമായ വിവരത്തിന്റെയോ അടിസ്ഥാനത്തിൽ സ്ഥലത്തു പോയി കുറ്റം ബോദ്ധ്യപ്പെടേണ്ടതാണ്.
3. കുറ്റം ചെയ്തിരിക്കുന്നതിന്റെ ഫോട്ടോ/വീഡിയോ എടുത്ത് സൂക്ഷിക്കേണ്ടതാണ്.
4. പ്രോസിക്യൂഷൻ നടപടി സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ സീൻ മഹസർ നിർബന്ധമായും തയ്യാറാക്കേണ്ടതാണ്. മഹസർ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ ഖണ്ഡിക 3.2–ൽ നൽകിയിരിക്കുന്നു. മഹസറിന്റെ മാതൃക ഖണ്ഡിക 4.10 ആയി നല്കിയിട്ടുണ്ട്.
5. പിഴ ഈടാക്കുന്നതിനായി നൽകേണ്ട നോട്ടീസിന്റെ (ഡിമാൻഡ് നോട്ടീസ്) മാതൃക അനുബന്ധം 4.2 ആയി നല്കിയിട്ടുണ്ട്. നോട്ടീസിന്റെ രണ്ട് പകർപ്പ് തയ്യാറാക്കേണ്ടതും ഒരു പകർപ്പ് നടപടിക്കു വിധേയനായ വ്യക്തിക്ക് നല്കേണ്ടതും മറ്റേ പകർപ്പിൽ അവരുടെ ഒപ്പ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് വാങ്ങാൻ വിസമ്മതിച്ചാൽ അത് പതിച്ചു നടത്തുകയോ റെജിസ്റ്റേർഡ് തപാലിൽ അയക്കുകയോ ചെയ്യാവുന്നതാണ്.
6. കുറ്റത്തിന്റെ തോതോ ഗൗരവമോ സ്വഭാവമോ അനുസരിച്ച് പിഴത്തുക (പരമാവധി 5000 രൂപ വരെ) നിശ്ചയിക്കേണ്ടതാണ്.
7. പതിനഞ്ച് ദിവസത്തിനുള്ളിൽ പിഴ ഒടുക്കിയില്ലെങ്കിൽ സെക്രട്ടറി പ്രോസിക്യൂഷൻ നടപടി സ്വീകരിക്കേണ്ടതാണ്. പ്രോസിക്യൂഷൻ നടപടി സ്വീകരിക്കേണ്ടിവന്നാലുള്ള നടപടികൾ ഖണ്ഡിക 3.3 –ൽ നല്കിയിട്ടുണ്ട്.

## 2.2. കടകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും പരിസരം വൃത്തിയായി സൂക്ഷിക്കാതിരിക്കുന്നത്

| നിയമം | കേരള പഞ്ചായത്ത് രാജ് ആക്റ്റ് | കേരള മുനിസിപ്പാലിറ്റി ആക്റ്റ് |
|---|---|---|
| **വകുപ്പ്** | 219ഐ | 335 |
| **നടപടിക്രമം** | സ്പോട്ട് ഫൈൻ | സെക്രട്ടറി കുറ്റാരോപിതനെ കേട്ട് പിഴ ചുമത്തൽ |
| **പിഴ** | അയ്യായിരം രൂപ വരെ പിഴ | |
| **പിഴ ചുമത്തേണ്ട അധികാരി** | സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി ഈ ആവശ്യത്തിലേക്കായി പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ | |
| **പിഴ ഒടുക്കിയില്ലെങ്കിലുള്ള തുടർനടപടി** | പ്രോസിക്യൂഷൻ | പ്രോസിക്ക്യൂഷൻ |

**വകുപ്പ് വിവരണം:**

ഓരോ കടയുടെയും വാണിജ്യ സ്ഥാപനത്തിന്റെയും പരിസരം വൃത്തിയായി സൂക്ഷിക്കാതിരിക്കുന്നതും അതിന്റെ പരിസരത്ത് മാലിന്യം വലിച്ചെറിയുകയോ തള്ളുകയോ കത്തിക്കുകയോ ചെയ്യുന്നതും അല്ലെങ്കിൽ അതിന്റെ പരിസരത്ത് ഏതെങ്കിലും മാലിന്യം വലിച്ചെറിയാനോ തള്ളാനോ കത്തിക്കാനോ ഉപഭോക്താക്കളെ അനുവദിക്കുന്നതും ശിക്ഷാർഹമാണ്. [വകുപ്പ് 219ഐ, കെ.പി. ആർ.എ; വകുപ്പ് 335, കെ.എം.എ]

**കുറിപ്പ്:**

**I. വകുപ്പ് 219ഐ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്**

1. വകുപ്പ് 219ഐ ആവശ്യത്തിലേക്കായി മറ്റേതെങ്കിലും ഉദ്യോഗസ്ഥനെയോ ഉദ്യോഗസ്ഥയെയോ സെക്രട്ടറിക്ക് പ്രത്യേകമായി അധികാരപ്പെടുത്താവുന്നതാണ്. അത് സംബന്ധിച്ച് വ്യക്തമായ ഉത്തരവ് സെക്രട്ടറി പുറപ്പെടുവിക്കേണ്ടതാണ്. വാർഡ് തിരിച്ച് അധികാരം നല്കാവുന്നതാണ്.
2. പരാതിയുടെയോ നേരിട്ടോ അല്ലാതെയോ ലഭ്യമായ വിവരത്തിന്റെയോ അടിസ്ഥാനത്തിൽ സ്ഥലത്തു പോയി കുറ്റം ബോദ്ധ്യപ്പെടേണ്ടതാണ്.
3. കുറ്റം ചെയ്തിരിക്കുന്നതിന്റെ ഫോട്ടോ/വീഡിയോ എടുത്ത് സൂക്ഷിക്കേണ്ടതാണ്.
4. പ്രോസിക്യൂഷൻ നടപടി സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ മാലിന്യം വലിച്ചെറിഞ്ഞിരിക്കുന്നതിന്റെ മഹസർ നിർബന്ധമായും തയ്യാറാക്കേണ്ടതാണ്. മഹസർ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ ഖണ്ഡിക 3.2-ൽ നൽകിയിരിക്കുന്നു. മഹസറിന്റെ മാതൃക ഖണ്ഡിക 4.10 ആയി നല്കിയിട്ടുണ്ട്.
5. പിഴ ഈടാക്കുന്നതിനായി നൽകേണ്ട നോട്ടീസിന്റെ (ഡിമാൻഡ് നോട്ടീസ്) മാതൃക ഖണ്ഡിക 4.1 എ ആയി നല്കിയിട്ടുണ്ട്. നോട്ടീസിന്റെ രണ്ട് പകർപ്പ് തയ്യാറാക്കേണ്ടതും ഒരു പകർപ്പ് നടപടിക്കു വിധേയനായ വ്യക്തിക്ക് നല്കേണ്ടതും മറ്റേ പകർപ്പിൽ അവരുടെ ഒപ്പ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് വാങ്ങാൻ വിസമ്മതിച്ചാൽ അത് പതിച്ചു നടത്തുകയോ റെജിസ്റ്റേർഡ് തപാലിൽ അയക്കുകയോ ചെയ്യാവുന്നതാണ്.
6. കുറ്റത്തിന്റെ തോതോ ഗൗരവമോ സ്വഭാവമോ അനുസരിച്ച് പിഴത്തുക (പരമാവധി 5000 രൂപ വരെ) നിശ്ചയിക്കേണ്ടതാണ്.
7. പതിനഞ്ച് ദിവസത്തിനുള്ളിൽ പിഴ ഒടുക്കിയില്ലെങ്കിൽ സെക്രട്ടറി പ്രോസിക്യൂഷൻ നടപടി സ്വീകരിക്കേണ്ടതാണ്. പ്രോസിക്യൂഷൻ നടപടി സ്വീകരിക്കേണ്ടിവന്നാലുള്ള നടപടികൾ ഖണ്ഡിക 3.3 ൽ നല്കിയിട്ടുണ്ട്.

**II. വകുപ്പ് 335, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്**

1. പരാതിയുടെ/ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതന് (ഉടമസ്ഥൻ/കൈവശക്കാരൻ) കാരണം കാണിക്കൽ നോട്ടീസ് രേഖാമൂലം നൽകേണ്ടതാണ്. നോട്ടീസിന്റെ മാതൃക ഖണ്ഡിക 4.1 ബി ആയി നല്കിയിട്ടുണ്ട്.
2. നോട്ടീസിന് മറുപടി നൽകാനും പറയാനുള്ളത് പറയാനും മതിയായ സമയം നൽകേണ്ടതാണ് (15 ദിവസം വരെ).
3. പ്രോസിക്യൂഷൻ നടപടി സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ മാലിന്യം വലിച്ചെറിഞ്ഞിരിക്കുന്നതിന്റെ മഹസർ നിർബന്ധമായും തയ്യാറാക്കേണ്ടതാണ്. മഹസർ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ ഖണ്ഡിക 3.2-ൽ നൽകിയിരിക്കുന്നു. മഹസറിന്റെ മാതൃക ഖണ്ഡിക 4.10 ആയി നല്കിയിട്ടുണ്ട്.
4. പിഴ തീരുമാനിക്കുമ്പോൾ ബന്ധപ്പെട്ട നിയമത്തിലെ വ്യവസ്ഥകളും (പിഴത്തുക പരമാവധി 5000 രൂപ വരെ), മാലിന്യത്തിന്റെ വലിപ്പം അല്ലെങ്കിൽ അളവും കണക്കിലെടുക്കേണ്ടതാണ്. വീട്, ഹോട്ടൽ, വ്യവസായം, മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന മാലിന്യം ആണെങ്കിൽ അവയുടെ തരം, വലിപ്പം, സ്ഥാനം കൂടാതെ, സർക്കാർ ഇതിലേക്കായി ഉണ്ടാക്കുന്നതോ പുറപ്പെടുവിക്കുന്നതോ ആയ ചട്ടങ്ങൾ അല്ലെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയവ സെക്രട്ടറി കണക്കിലെടുക്കേണ്ടതാണ്.
5. നോട്ടീസിന്റെ മറുപടിയുടെയും മറ്റ് തെളിവുകളുടെയും അടിസ്ഥാനത്തിൽ സെക്രട്ടറി ന്യായമായ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

6. ഉത്തരവിലെ നിശ്ചിത സമയപരിധിക്കുള്ളിൽ പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2.3. മാലിന്യം വേർതിരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ അംഗീകൃത ഏജൻസിക്കോ കൈമാറാതിരിക്കുന്നത്

| നിയമം | കേരള പഞ്ചായത്ത് രാജ് ആക്ട് | കേരള മുനിസിപ്പാലിറ്റി ആക്ട് |
|---|---|---|
| **വകുപ്പ്** | 219എസി | 326സി |
| **നടപടിക്രമം** | സെക്രട്ടറി കുറ്റാരോപിതനെ കേട്ട് പിഴ ചുമത്തൽ | |
| **പിഴ** | ആയിരം രൂപയിൽ കുറയാത്തതും പതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ | |
| **പിഴ ചുമത്തേണ്ട അധികാരി** | സെക്രട്ടറി | |
| **പിഴ ഒടുക്കിയില്ലെങ്കിലുള്ള തുടർനടപടി** | റവന്യൂ റിക്കവറി | |

**വകുപ്പ് വിവരണം :**

ഏതൊരു വീടോ, പരിസരമോ, വൻകിട മാലിന്യ ഉത്പാദകരോ (ഹോട്ടൽ, റസ്റ്റോറന്റ്, വ്യവസായം, ആശുപത്രി അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാപനം) സെക്രട്ടറി പൊതു നോട്ടീസിലൂടെ നിർദേശിച്ച പ്രകാരം, വേർതിരിച്ച മാലിന്യങ്ങൾ കൈമാറാതിരിക്കുകയോ, നിർദ്ദിഷ്ട സ്ഥലത്ത് നിക്ഷേപിക്കാതിരിക്കുകയോ, യൂസർ ഫീസ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ അംഗീകൃത ഏജൻസിക്കോ നല്കാതിരിക്കുകയോ ചെയ്യുന്നത് ശിക്ഷാർഹമാണ്. [വകുപ്പ് 219എസി, കെ.പി.ആർ.എ; വകുപ്പ് 326സി, കെ.എം.എ]

**കുറിപ്പ്:**

1. വകുപ്പ് 219 എസി(1), കെ.പി.ആർ.എ; വകുപ്പ് 326 സി(1), കെ.എം.എ പ്രകാരം വേർതിരിച്ച മാലിന്യങ്ങൾ കൈമാറുന്നതിനും നിർദ്ദിഷ്ട സ്ഥലത്ത് നിക്ഷേപിക്കുന്നതിനും യൂസർ ഫീസ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്/ അംഗീകൃത ഏജൻസിക്ക് നൽകുന്നത് സംബന്ധിച്ച പൊതു നോട്ടീസ് സെക്രട്ടറി പുറപ്പെടുവിക്കേണ്ടതാണ്.
2. പരാതിയുടെ/ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതന് (ഉടമസ്ഥൻ/ കൈവശക്കാരൻ) കാരണം കാണിക്കൽ നോട്ടീസ് രേഖാമൂലം നൽകേണ്ടതാണ്. നോട്ടീസിന്റെ മാതൃക ഖണ്ഡിക 4.3 ആയി നല്കിയിട്ടുണ്ട്.
3. നോട്ടീസിന് മറുപടി നൽകാനും പറയാനുള്ളത് പറയാനും മതിയായ സമയം നൽകേണ്ടതാണ് (15 ദിവസം വരെ).
4. പിഴ തീരുമാനിക്കുമ്പോൾ ബന്ധപ്പെട്ട നിയമത്തിലെ വ്യവസ്ഥകളും (ആയിരം രൂപയിൽ കുറയാത്തതും പതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ), മാലിന്യത്തിന്റെ വലിപ്പം അല്ലെങ്കിൽ അളവും കണക്കിലെടുക്കേണ്ടതാണ്. വീട്, ഹോട്ടൽ, വ്യവസായം, മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന മാലിന്യം ആണെങ്കിൽ അവയുടെ തരം, വലിപ്പം, സ്ഥാനം കൂടാതെ, സർക്കാർ ഇതിലേക്കായി ഉണ്ടാക്കുന്നതോ പുറപ്പെടുവിക്കുന്നതോ ആയ ചട്ടങ്ങൾ അല്ലെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയവ സെക്രട്ടറി കണക്കിലെടുക്കേണ്ടതാണ്.
5. നോട്ടീസിന്റെ മറുപടിയുടെയും മറ്റ് തെളിവുകളുടെയും അടിസ്ഥാനത്തിൽ സെക്രട്ടറി ന്യായമായ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.
6. ഉത്തരവിലെ നിശ്ചിത സമയപരിധിക്കുള്ളിൽ പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2.4. യൂസർ ഫീസ് നൽകുന്നതിൽ വീഴ്ച വരുത്തുന്നത്

| നിയമം | കേരള പഞ്ചായത്ത് രാജ് ആക്ട് | കേരള മുനിസിപാലിറ്റി ആക്ട് |
|---|---|---|
| വകുപ്പ് | വകുപ്പ് 219എഡി | വകുപ്പ് 326ഡി |
| നടപടിക്രമം | സെക്രട്ടറി വീഴ്ചവരുത്തിയ വ്യക്തിയെ കേട്ട് പിഴ ചുമത്തൽ | |
| പിഴ | പ്രതിമാസം യൂസർ ഫീയുടെ അമ്പത് ശതമാനം പിഴ | |
| പിഴ ചുമത്തേണ്ട അധികാരി | സെക്രട്ടറി | |
| പിഴ ഒടുക്കിയില്ലെങ്കിലുള്ള തുടർനടപടി | റവന്യൂ റിക്കവറി | |

**വകുപ്പ് വിവരണം :**

എല്ലാ മാസത്തിലെയും അവസാന തീയതിക്ക മുമ്പായോ അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം തീരുമാനിച്ച കാലയളവിനുള്ളിലോ യൂസർ ഫീസ് നൽകാതിരിക്കുന്നത് ശിക്ഷാർഹ മാണ്. [വകുപ്പ് 219എഡി, കെ. പി.ആർ.എ; വകുപ്പ് 326ഡി, കെ.എം.എ]

**കുറിപ്പ്:**

1. വ്യാപാര – വാണിജ്യ സ്ഥാപനങ്ങളുടെ സംഗതിയിൽ സ്ഥാപനത്തിലുണ്ടാകുന്ന മാലിന്യത്തിന്റെ അളവ് വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ യൂസർ ഫീസ് തീരുമാനിക്കേണ്ടതാണ് [സ.ഉ (സാധാ) നം. 2591/2023/തസ്വഭവ തീയതി 27.12.2023].
2. സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ യൂസർ ഫീസ് തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചയിക്കാൻ പാടില്ലാത്തതാണ്.
3. നിശ്ചിത തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനുശേഷം യൂസർ ഫീസ് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ മാത്രമേ നടപടികൾ സ്വീകരിക്കാൻ പാടുള്ളൂ.
4. ഹരിത കർമ സേന അംഗങ്ങളുടെ പരാതിയുടെ/ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ വീഴ്ച വരുത്തിയ വ്യക്തിക്ക് കാരണം കാണിക്കൽ നോട്ടീസ് രേഖാമൂലം നൽകേണ്ടതാണ്. നോട്ടീസിന്റെ മാതൃക ഖണ്ഡിക 4.4 ആയി നല്കിയിട്ടുണ്ട്.
5. നോട്ടീസിന് മറുപടി നൽകാനും പറയാനുള്ളത് പറയാനും മതിയായ സമയം നൽകേണ്ട താണ് (15 ദിവസം വരെ).
6. നോട്ടീസിന്റെ മറുപടിയുടെയും മറ്റ് തെളിവുകളുടെയും അടിസ്ഥാനത്തിൽ സെക്രട്ടറി ന്യായമായ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.
7. ഫീസ് അടയ്ക്കാൻ വീഴ്ച വരുത്തുന്ന വ്യക്തികൾക്ക് അത് അടയ്ക്കുന്നതുവരെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഏതൊരു സേവനവും നൽകാൻ സെക്രട്ടറിക്ക് വിസ്സമ്മതിക്കാവുന്നതാണ്. [വകുപ്പ് 219എഡി (5), കെ.പി.ആർ.എ; വകുപ്പ് 326ഡി, കെ.എം.എ]
8. സെക്രട്ടറിയുടെ ഉത്തരവിലെ നിശ്ചിത സമയപരിധിക്കുള്ളിൽ യൂസർ ഫീസ് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ യൂസർ ഫീസും പിഴയും (പ്രതിമാസം യൂസർ ഫീ യുടെ 50 ശതമാനം പിഴ) പൊതുനികുതി കുടിശ്ശികയായി കണക്കാക്കി ഈടാക്കാവുന്നതാണ്.
9. അഗതി, ആശ്രയ, അതിദരിദ്ര വിഭാഗക്കാർ യൂസർ ഫീസ് നൽകേണ്ടതില്ല. യൂസർ ഫീസ് ഇളവിന് അർഹതയുള്ള മറ്റ് കുടുംബങ്ങൾ ഉണ്ടെങ്കിൽ ഗ്രാമസഭ/വാർഡ് സഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് നൽകാവുന്നതാണ്.

## 2.5. നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ ഖരമാലിന്യങ്ങൾ സംഭരിക്കുന്നതിനും നിക്ഷേപിക്കുന്നതിനും മാലിന്യ ഉത്പാദകർക്കുള്ള ചുമതലകളിൽ വീഴ്ച വരുത്തുന്നത്

| നിയമം | കേരള പഞ്ചായത്ത് രാജ് ആക്ട് | കേരള മുനിസിപ്പാലിറ്റി ആക്ട് |
|---|---|---|
| വകുപ്പ് | 219ബി | 327 |
| നടപടിക്രമം | സെക്രട്ടറി കുറ്റാരോപിതനെ കേട്ട് പിഴ ചുമത്തുന്നത് | |
| പിഴ | ആയിരം രൂപയിൽ കുറയാത്തതും പതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ | |
| പിഴ ചുമത്തേണ്ട അധികാരി | സെക്രട്ടറി | |
| പിഴ ഒടുക്കിയില്ലെങ്കിലുള്ള തുടർനടപടി | റവന്യൂ റിക്കവറി | |

**വകുപ്പ് വിവരണം:**

ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും അപകടകരമായ ഗാർഹിക മാലിന്യങ്ങളും എളുപ്പത്തിൽ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമായി ഓരോ മാലിന്യ ഉത്പാദകനും തദ്ദേശ സ്വയംഭരണ സ്ഥാപനം നിഷ്കർഷിച്ചിരിക്കുന്നതു പ്രകാരം മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കാത്തത് ശിക്ഷാർഹമാണ്. (വകുപ്പ് 219ബി കെ.പി.ആർ.എ/ വകുപ്പ് 327 കെ.എം.എ)

### കുറിപ്പ്:

1. പരാതിയുടെ/ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതന് കാരണം കാണിക്കൽ നോട്ടീസ് രേഖാമൂലം നൽകേണ്ടതാണ്. നോട്ടീസിന്റെ മാതൃക ഖണ്ഡിക 4.5 ആയി നല്കിയിട്ടുണ്ട്.
2. നോട്ടീസിന് മറുപടി നൽകാനും പറയാനുള്ളത് പറയാനും മതിയായ സമയം നൽകേണ്ടതാണ്. (15 ദിവസം വരെ)
3. പിഴ തീരുമാനിക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പിലുള്ള പിഴ തുകയും (ആയിരം രൂപയിൽ കുറയാത്തതും പതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ), മാലിന്യത്തിന്റെ വലിപ്പം അല്ലെങ്കിൽ അളവും കണക്കിലെടുക്കേണ്ടതാണ്. വീട്, ഹോട്ടൽ, വ്യവസായം, മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന മാലിന്യം ആണെങ്കിൽ അവയുടെ തരം, വലിപ്പം, സ്ഥാനം കൂടാതെ, സർക്കാർ ഇതിലേക്കായി ഉണ്ടാക്കുന്നതോ പുറപ്പെടുവിക്കുന്നതോ ആയ ഏതെങ്കിലും ചട്ടങ്ങൾ അല്ലെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയവ സെക്രട്ടറി കണക്കിലെടുക്കേണ്ടതാണ്.
4. നോട്ടീസിന്റെ മറുപടിയുടെയും മറ്റ് തെളിവുകളുടെയും അടിസ്ഥാനത്തിൽ സെക്രട്ടറി ന്യായമായ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.
5. ഉത്തരവിലെ നിശ്ചിത സമയപരിധിക്കുള്ളിൽ പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2.6. ഉപയോഗിച്ച വെള്ളം പൊതു സ്ഥലങ്ങളിലേക്കോ ജലാശയങ്ങളിലേക്കോ ഒഴുക്കുന്നത്

| നിയമം | കേരള പഞ്ചായത്ത് രാജ് ആക്ട് | കേരള മുനിസിപാലിറ്റി ആക്ട് |
|---|---|---|
| **വകുപ്പ്** | 219കെ | 337 |
| **നടപടിക്രമം** | സെക്രട്ടറി കുറ്റാരോപിതനെ കേട്ട് പിഴ ചുമത്തുന്നത് | |
| **മറ്റ് നടപടികൾ** | മലിനജലം ഒഴുക്കിവിടുന്ന പൈപ്പ്, ട്യൂബ് അല്ലെങ്കിൽ മറ്റ് മാർഗ്ഗങ്ങൾ അടയ്ക്കുകയോ മൂടുകയോ നീക്കം ചെയ്യുകയോ ചെയ്യുക | |
| **പിഴ** | അയ്യായിരം രൂപയിൽ കുറയാത്തതും അൻപതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ | |
| **പിഴ ചുമത്തേണ്ട അധികാരി** | സെക്രട്ടറി | |
| **പിഴ ഒടുക്കിയില്ലെങ്കിലുള്ള തുടർനടപടി** | റവന്യൂ റിക്കവറി | |

**വകുപ്പ് വിവരണം:**

ഏതൊരു വ്യക്തിയോ സ്ഥാപനമോ മലിനജലം പൊതു അഴുക്കുചാലിലോ പൊതു സ്ഥലത്തിലോ മറ്റ് ജലസ്രോതസ്സുകളിലോ ഒഴുക്കുകയോ ഒഴുക്കാൻ അനുവദിക്കുകയോ ഒഴുക്കുന്നതിനു കാരണം ആവുകയോ ചെയ്യുന്നത് ശിക്ഷാർഹമാണ് [വകുപ്പ് 219കെ, കെ.പി.ആർ.എ; വകുപ്പ് 337, കെ.എം.എ)

### കുറിപ്പ്:

1. പരാതിയുടെ/ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതന് കാരണം കാണിക്കൽ നോട്ടീസ് രേഖാമൂലം നൽകേണ്ടതാണ്. നോട്ടീസിന്റെ മാതൃക ഖണ്ഡിക 4.6 ആയി നല്കിയിട്ടുണ്ട്. ഇതിൽ മലിനജലം ഒഴുക്കിവിടുന്ന പൈപ്പ്, ട്യൂബ് അല്ലെങ്കിൽ മറ്റ് മാർഗ്ഗങ്ങൾ അടയ്ക്കുകയോ മൂടുകയോ ചെയ്യുന്നതിനായി വേണ്ട നടപടികൾ സ്വീകരിക്കാനും ആവശ്യപ്പെടേണ്ടതാണ്.
2. നോട്ടീസിന് മറുപടി നൽകാനും പറയാനുള്ളത് പറയാനും മതിയായ സമയം നൽകേണ്ടതാണ്. (15 ദിവസം വരെ)
3. കുറ്റാരോപിതനെ കേട്ട ശേഷം പിഴ തീരുമാനിക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പിലുള്ള പിഴ തുകയും (അയ്യായിരം രൂപയിൽ കുറയാത്തതും അൻപതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ ), മാലിന്യത്തിന്റെ വലിപ്പം അല്ലെങ്കിൽ അളവും കണക്കിലെടുക്കേണ്ടതാണ്. വീട്, ഹോട്ടൽ, വ്യവസായം, മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന മാലിന്യം ആണെങ്കിൽ അവയുടെ തരം, വലിപ്പം, സ്ഥാനം കൂടാതെ, സർക്കാർ ഇതിലേക്കായി ഉണ്ടാക്കുന്നതോ പുറപ്പെടുവിക്കുന്നതോ ആയ ഏതെങ്കിലും ചട്ടങ്ങൾ അല്ലെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയവ സെക്രട്ടറി കണക്കിലെടുക്കേണ്ടതാണ്.
4. നോട്ടീസിന്റെ മറുപടിയുടെയും മറ്റ് തെളിവുകളുടെയും അടിസ്ഥാനത്തിൽ സെക്രട്ടറി ന്യായമായ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.
5. മലിനജലം ഒഴുക്കിവിടുന്ന പൈപ്പ്, ട്യൂബ് അല്ലെങ്കിൽ മറ്റ് മാർഗ്ഗങ്ങൾ അടയ്ക്കുകയോ മൂടുകയോ നീക്കം ചെയ്യുകയോ ചെയ്യുന്നതിനായി കുറ്റം ചെയ്ത വ്യക്തി 7 ദിവസത്തിനുള്ളിൽ വേണ്ട നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അത്തരം പൈപ്പ്, ട്യൂബ് അല്ലെങ്കിൽ മറ്റ് മാർഗ്ഗങ്ങൾ അടയ്ക്കുകയോ മൂടുകയോ അല്ലെങ്കിൽ നീക്കം ചെയ്യുകയോ ചെയ്യാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതും ഇതിന് വേണ്ട യഥാർഥ ചിലവ് അയാളിൽ നിന്നും ഈടാക്കേണ്ടതുമാണ്. [വകുപ്പ് 219കെ (4), കെ.പി.ആർ. എ; വകുപ്പ് 337(4), കെ.എം.എ].

6. ഉത്തരവിലെ നിശ്ചിത സമയപരിധിക്കുള്ളിൽ പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2.7. ഖരമാലിന്യവും മലിനജലവും ഉറവിടത്തിൽ തന്നെ യഥാക്രമത്തിൽ കൈകാര്യം ചെയ്യാത്തത്

| നിയമം | കേരള പഞ്ചായത്ത് രാജ് ആക്ട് | കേരള മുനിസിപ്പാലിറ്റി ആക്ട് |
|---|---|---|
| **വകുപ്പ്** | വകുപ്പ് 219വി(1)(എ)(ബി)(സി) (ഡി)<br>വകുപ്പ് 219വി (3) ചേർത്ത് വായിക്കേണ്ടതാണ് | വകുപ്പ് 334എ(1)(എ)(ബി)(സി)(ഡി)<br>വകുപ്പ് 334എ (3) ചേർത്ത് വായിക്കേണ്ടതാണ് |
| **നടപടിക്രമം** | പ്രോസിക്യൂഷൻ | |
| **മറ്റ് നടപടികൾ** | കെട്ടിട ലൈസൻസ്, ബിൽഡിംഗ് നമ്പർ, വർക്കിംഗ് പെർമിറ്റ് റദ്ദാക്കൽ | |
| **ശിക്ഷ** | 6 മാസത്തിൽ കുറയാത്തതും ഒരു വർഷം വരെ ആകാവുന്നതുമായ തടവോ, 10,000 രൂപയിൽ കുറയാത്തതും 50,000 രൂപ വരെ ആകാവുന്നതുമായ പിഴയോ രണ്ടും കൂടിയോ | |
| **തുടരുന്ന ലംഘനത്തിനുള്ള ശിക്ഷ** | കുറ്റസ്ഥാപനത്തിനു ശേഷവും ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും ആയിരം രൂപയിൽ കുറയാതെയുള്ള പിഴ | |
| **ശിക്ഷ ചുമത്തേണ്ട അധികാരി** | ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് | |

**വകുപ്പ് വിവരണം:**

വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, കോഴി/മത്സ്യം സ്റ്റാളുകൾ, കല്യാണമണ്ഡപങ്ങൾ, ഫ്ലാറ്റുകളും ബഹുനില കെട്ടിടങ്ങളും, ഹോട്ടലുകൾ, കാറ്ററിങ് സർവീസുകൾ, പഞ്ചായത്തുകളിൽ 100 സ്ക്വയർമീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ളതും മുനിസിപാലിറ്റികളിലും കോർപ്പറേഷനുകളിലും 400 സ്ക്വയർമീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ളതുമായ വീടുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനം വിജ്ഞാപനം ചെയ്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് സ്ഥാപനങ്ങൾ മുതലായവയിൽ ഉത്ഭവിക്കുന്ന മാലിന്യങ്ങൾ

- ജൈവ-ജൈവേതര മാലിന്യങ്ങളായി ഉറവിടത്തിൽ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപന ഉപനിയമാവലിയിൽ അനുശാസിക്കുന്നത് പോലെ തരം തിരിച്ച് സൂക്ഷിക്കാതിരിക്കുന്നതും മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്താത്തതും ശിക്ഷാർഹമാണ്.
- ജൈവ മാലിന്യം ഉറവിടത്തിലോ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേനയോ അംഗീകൃത ഏജൻസികൾ മുഖേനയോ സംസ്കരിക്കാൻ ക്രമീകരണം ചെയ്യാതിരിക്കുന്നത് ശിക്ഷാർഹമാണ്. [വകുപ്പ് 219വി(1)(എ),(ബി),(സി), കെ.പി.ആർ.എ; വകുപ്പ് 334എ(1)(എ),(ബി),(സി), കെ.എം.എ))
- ഉത്ഭവിക്കുന്ന മലിനജലം ഉറവിടത്തിലോ, സർക്കാർ അംഗീകൃത ഏജൻസി മുഖേനയോ ശാസ്ത്രീയമായി സംസ്കരിക്കാത്തത് ശിക്ഷോർഹമാണ്.
- മലിനജലം ജലാശയങ്ങളിലേക്കോ ഓടകളിലേക്കോ പൊതുവഴിയിലേക്കോ പൊതുസ്ഥലങ്ങളിലേക്കോ ഒഴുകാൻ അനുവദിക്കുന്നതും ശിക്ഷാർഹമാണ്. [വകുപ്പ് 219വി(1) (ഡി), വകുപ്പ് 219വി (3), കെ.പി.ആർ.എ ചേർത്ത് വായിക്കുമ്പോൾ; വകുപ്പ് 334 എ (ഡി), വകുപ്പ് 334എ (3), കെ.എം.എ ചേർത്ത് വായിക്കുമ്പോൾ].

**കുറിപ്പ്:**

1. സ്ഥാപനങ്ങളിൽ ശരിയായ ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ, മലിനജല സംസ്കരണ സംവിധാനങ്ങൾ നിർമ്മാണസമയത്ത് ഇല്ലാത്ത പക്ഷം അവയ്ക്ക് കെട്ടിട ലൈസൻസ്, ബിൽഡിംഗ് നമ്പർ, വർക്കിംഗ് പെർമിറ്റ് നൽകാൻ പാടില്ലാത്തതാണ്.
2. നിലവിലുള്ള കെട്ടിടങ്ങളിൽ മേൽപ്പറഞ്ഞ രീതിയിൽ ഖരമാലിന്യവും മലിനജലവും ഉറവിടത്തിൽ തന്നെ കൈകാര്യം ചെയ്യാതിരിക്കുന്നതിനെതിരെ പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കേണ്ടതാണ്. ഇതിനായി സെക്രട്ടറി ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുൻപാകെ അന്യായം സമർപ്പിക്കേണ്ടതാണ്. നോട്ടീസിന്റെ മാതൃക ഖണ്ഡിക 4.8 എ, 4.8 ബി ആയി നല്കിയിട്ടുണ്ട്.
3. കൂടാതെ അത്തരം ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ സെക്രട്ടറിക്ക് നോട്ടീസ് മുഖേന ന്യായമായ സമയം (പരമാവധി ഒരു വർഷം വരെ) നൽകാവുന്നതും, അതിനകം പരിഹരിച്ചില്ലെങ്കിൽ വീണ്ടും ഒരു നോട്ടീസ് നൽകി ഉടമസ്ഥനെ/ കൈവശക്കാരനെ കേട്ടശേഷം കെട്ടിട ലൈസൻസ്, ബിൽഡിംഗ് നമ്പർ, വർക്കിംഗ് പെർമിറ്റ് റദ്ദാക്കാവുന്നതുമാണ്. [വകുപ്പ് 219വി(1)(എ),(ബി),(സി), വകുപ്പ് 219(2), കെ.പി.ആർ.എ ചേർത്ത് വായിക്കുമ്പോൾ; വകുപ്പ് 334എ(1)(എ),(ബി),(സി), വകുപ്പ് 334എ (2), കെ.എം.എ ചേർത്ത് വായിക്കുമ്പോൾ)
4. ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുൻപാകെ സമർപ്പിക്കേണ്ട അന്യായത്തിന്റെ മാതൃക ഖണ്ഡിക 4.11 ആയി ലഭ്യമാണ്. പ്രോസിക്യൂഷൻ നടപടി സ്വീകരിക്കേണ്ടതിനുള്ള നടപടിക്രമം ഖണ്ഡിക 3.3 –ൽ നല്കിയിട്ടുണ്ട്.
5. പ്രോസിക്യൂഷൻ നടപടി സ്വീകരിക്കേണ്ടതിനാൽ മഹസർ നിർബന്ധമായും ആദ്യം തന്നെ തയ്യാറാക്കേണ്ടതാണ്. മഹസർ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ ഖണ്ഡിക 3.2–ൽ നൽകിയിരിക്കുന്നു. മാതൃക ഖണ്ഡിക 4.10 ആയി നല്കിയിട്ടുണ്ട്.

## 2.8. താമസസ്ഥലമല്ലാത്ത പരിസരങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചവറും ഖരമാലിന്യങ്ങളും നീക്കം ചെയ്യാതിരിക്കുന്നത്

| നിയമം | കേരള പഞ്ചായത്ത് രാജ് ആക്ട് | കേരള മുനിസിപാലിറ്റി ആക്ട് |
|---|---|---|
| **വകുപ്പ്** | 219 എച്ച് | 334 |
| **നടപടിക്രമം** | പ്രോസിക്യൂഷൻ | |
| **ശിക്ഷ** | പതിനായിരം രൂപ വരെ പിഴ | |
| **തുടരുന്ന ലംഘനത്തിനുള്ള ശിക്ഷ** | കുറ്റസ്ഥാപനത്തിനു ശേഷവും ലംഘനം തുടരുന്ന ഓരോ ദിവസവും 100 രൂപ നിരക്കിൽ അധിക പിഴ | |
| **ശിക്ഷ ചുമത്തേണ്ട അധികാരി** | ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് | |

**വകുപ്പ് വിവരണം:**

താമസസ്ഥലമല്ലാത്ത പരിസരങ്ങളിൽ (ഫാക്ടറി, വർക്ക്ഷോപ്പ്, നിർമ്മാണ പ്രക്രിയ നടക്കുന്ന മറ്റ് സ്ഥലങ്ങൾ, മാർക്കറ്റ്, വ്യാപാര പരിസരങ്ങൾ, കശാപ്പുശാല, ഹോട്ടൽ, ഭക്ഷണപ്പുര, റസ്റ്റോറന്റ്, ആശുപത്രി, നഴ്സിംഗ് ഹോം, പണ്ടകശാല, ഗോഡൗൺ, അനേകം ആളുകൾ സങ്കേതമാക്കുന്ന മറ്റ് സ്ഥലങ്ങൾ) ചവറും അസഹ്യതയുണ്ടാക്കുന്ന വസ്തുക്കളും മാലിന്യവും വാണിജ്യവർജ്യവസ്തുക്കളും പ്രത്യേക മാലിന്യങ്ങളും ആപൽക്കരമായ മാലിന്യങ്ങളും അവസ്കൃതവും മലിനപ്പെട്ടതോ ആയ അടിഞ്ഞുകൂടിയ വസ്തുക്കൾ നീക്കം ചെയ്യാൻ സെക്രട്ടറി നോട്ടീസ് നൽകിയിട്ടും നീക്കം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നത് ശിക്ഷാർഹമാണ്. [വകുപ്പ് 219 എച്ച്, കെ.പി.ആർ.എ; വകുപ്പ് 334, കെ.എം.എ].

### കുറിപ്പ്:

1. പരാതിയുടെ/ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യം ഡിപ്പോയിലേക്കോ, ഈ ആവശ്യത്തിനായി ക്രമീകരിച്ചിരിക്കുന്ന ഒരു സ്ഥലത്തേക്കോ നീക്കം ചെയ്യാൻ ഉടമസ്ഥനോ കൈവശക്കാരനോ സെക്രട്ടറി നോട്ടീസ് നൽകേണ്ടതാണ്. ആരോഗ്യപരമായ കാരണങ്ങളാൽ സെക്രട്ടറി നിർദ്ദേശിച്ച സ്ഥലത്തേക്ക് മാലിന്യം നീക്കാൻ സാധിക്കാത്തപക്ഷം അവ ഉടമസ്ഥൻ/കൈവശക്കാരൻ സ്വയം കൈയ്യൊഴിയാൻ നടപടി സ്വീകരിക്കാൻ പറഞ്ഞു കൊണ്ടാവണം നോട്ടീസ് നൽകേണ്ടത്. നോട്ടീസിന്റെ മാതൃക ഖണ്ഡിക 4.7 ആയി നല്കിയിട്ടുണ്ട്.
2. മേൽ നിർദേശിക്കുന്ന രീതിയിൽ മാലിന്യം കൈയ്യൊഴിയാത്തപക്ഷം സെക്രട്ടറി കുറ്റാരോപിതന് എതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പ്രോസിക്യൂഷൻ നടപടി സ്വീകരിക്കേണ്ട സാഹചര്യത്തിൽ സ്ഥലം പരിശോധിച്ച് മഹസർ തയ്യാറാക്കേണ്ടതാണ്. മഹസർ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ ഖണ്ഡിക 3.2ൽ നൽകിയിരിക്കുന്നു. മാതൃക ഖണ്ഡിക 4.10 ആയി നല്കിയിട്ടുണ്ട്.
4. പ്രോസിക്യൂഷൻ ആരംഭിക്കുന്നതിനായി സെക്രട്ടറിക്ക് ഫസ്റ്റ് ക്ലാസ്സ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് മുൻപാകെ അന്യായം കൊടുക്കാവുന്നതാണ്. അന്യായത്തിന്റെ മാതൃക ഖണ്ഡിക 4.11 ആയി നല്കിയിട്ടുണ്ട്. പ്രോസിക്യൂഷൻ നടപടി സ്വീകരിക്കേണ്ടിവന്നാലുള്ള നടപടിക്രമം ഖണ്ഡിക 3.3 ൽ നല്കിയിട്ടുണ്ട്.
5. രേഖാമൂലം ആവശ്യപ്പെട്ടിട്ടും മാലിന്യങ്ങൾ നീക്കം ചെയ്യില്ലെങ്കിൽ കുറ്റാരോപിതന്റെ നഷ്ടോത്തരവാദിത്വത്തിൽ മാലിന്യം തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് നീക്കം ചെയ്യാവുന്നതും തദ്ദേശഭരണസ്ഥാപനം നിശ്ചയിക്കുന്ന തുക അതിനായി അവരിൽ നിന്നും ഈടാക്കാവുന്നതുമാണ്.

## 2.9. മൃഗത്തിന്റെ തോൽ, മൃഗത്തിന്റെ ശവം എന്നിവ തെറ്റായ രീതിയിൽ കൈയ്യൊഴിയുന്നത്

| നിയമം | കേരള പഞ്ചായത്ത് രാജ് ആക്ട് | കേരള മുനിസിപാലിറ്റി ആക്ട് |
|---|---|---|
| **വകുപ്പ്** | വകുപ്പ് 219എൽ | വകുപ്പ് 338 |
| **നടപടിക്രമം** | പ്രോസിക്യൂഷൻ | |
| **ശിക്ഷ** | അഞ്ഞൂറ് രൂപയിൽ കുറയാത്തതും രണ്ടായിരം രൂപ വരെ ആകാവുന്നതുമായ പിഴ | അയ്യായിരം രൂപ പിഴ (രാജിയാക്കാവുന്നത്) |
| **ശിക്ഷ ചുമത്തേണ്ട അധികാരി** | ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് | |

### വകുപ്പ് വിവരണം:

യാതൊരാളും, മൃഗശവം, തോൽ, എന്നിവ ഏർപ്പാട് ചെയ്തിട്ടുള്ള സ്ഥലത്തല്ലാതെ നിക്ഷേപിക്കുകയോ കൈയ്യൊഴിക്കുകയോ ചെയ്യുന്നത് ശിക്ഷാർഹമാണ്. [വകുപ്പ് 219 എൽ, കെ.പി.ആർ.എ; വകുപ്പ് 338, കെ.എം.എ]

### കുറിപ്പ്:

1. പ്രോസിക്യൂഷൻ നടപടി സ്വീകരിക്കേണ്ട കുറ്റകൃത്യം ആയതിനാൽ മഹസർ നിർബന്ധമായും തയ്യാറാക്കേണ്ടതാണ്. മഹസർ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ ഖണ്ഡിക 3.2ൽ നൽകിയിരിക്കുന്നു. മാതൃക ഖണ്ഡിക 4.10 ആയി നല്കിയിട്ടുണ്ട്.
2. 338ാം വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ മേൽപ്പ

റഞ്ഞ കുറ്റം രാജിയാക്കാവുന്നതായതിനാൽ കുറ്റത്തിന്മേൽ സെക്രട്ടറി പ്രോസിക്യൂഷൻ നടപടികളിലേക്ക് പോകുന്നതിന് മുമ്പായി 1996 ലെ കേരള മുനിസിപ്പാലിറ്റി (കുറ്റങ്ങൾ രാജിയാക്കൽ) ചട്ടങ്ങൾ അനുസരിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകി, നോട്ടീസ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട ആൾ കാരണം കാണിക്കുകയും പ്രോസിക്യൂട്ട് ചെയ്യാതിരിക്കുവാൻ തക്കതായ കാരണം ഉണ്ടെന്ന് സെക്രട്ടറിക്ക് ബോദ്ധ്യപ്പെടുകയും ചെയ്യുന്ന പക്ഷം അയാളുടെ അപേക്ഷയിന്മേൽ കുറ്റം രാജിയാക്കാവുന്നതുമാണ്. രാജിയാക്കുന്ന പക്ഷം ശിക്ഷയുടെ 25% മുതൽ 50% വരെ പിഴ തുക ചുമത്താവുന്നതുമാണ്. രാജിയാക്കൽ നടപടിക്രമം ഖണ്ഡിക 3.4ൽ നല്കിയിട്ടുണ്ട്. കുറ്റങ്ങൾ രാജിയാക്കുന്നതിനായി ചട്ടത്തിൽ കൊടുത്തിരിക്കുന്ന നോട്ടീസിന്റെ മാതൃക ഖണ്ഡിക 4.9 ആയി നല്കിയിട്ടുണ്ട്.

3. പ്രോസിക്യൂഷൻ ആരംഭിക്കുന്നതിനായി സെക്രട്ടറിക്ക് ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് മുൻപാകെ അന്യായം കൊടുക്കാവുന്നതാണ്. അന്യായത്തിന്റെ മാതൃക ഖണ്ഡിക 4.10 ആയി നല്കിയിട്ടുണ്ട്. പ്രോസിക്യൂഷൻ നടപടി സ്വീകരിക്കേണ്ടിവന്നാലുള്ള നടപടിക്രമം ഖണ്ഡിക 3.3 ൽ നല്കിയിട്ടുണ്ട്.

## 2.10. മാലിന്യമോ ചവറോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നത്

| നിയമം | കേരള പഞ്ചായത്ത് രാജ് ആക്ട് | കേരള മുനിസിപാലിറ്റി ആക്ട് |
|---|---|---|
| വകുപ്പ് | 219 എസ് | 340 എ |
| നടപടിക്രമം | പ്രോസിക്ക്യൂഷ്യൻ | |
| ശിക്ഷ | ആറു മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള തടവും പതിനായിരം രൂപയിൽ കുറയാതെയും അമ്പതിനായിരം രൂപയിൽ കവിയാതെയുമുള്ള പിഴയും | |
| ശിക്ഷ ചുമത്തേണ്ട അധികാരി | ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് | |

### വകുപ്പ് വിവരണം:

പൊതുജലമാർഗ്ഗത്തിലോ ജലാശയത്തിലോ അപ്രകാരമുള്ള ഏതെങ്കിലും ജലസ്രോതസ്സിലോ ചവറോ മാലിന്യമോ വിസ്സർജ്ജ്യവസ്തുക്കളോ വലിച്ചെറിയുകയോ തള്ളുകയോ, അതിലേക്ക് മലിനജലം ഒഴുക്കുകയോ, ഏതെങ്കിലും കക്കൂസിൽ നിന്ന് അതിലേക്ക് വെള്ളം ഒഴുകാൻ അനുവദിക്കുകയോ, മറ്റേതെങ്കിലും വിധത്തിൽ ജലം ദുഷിപ്പിക്കുകയോ, അല്ലെങ്കിൽ അത്തരം ഒരു പ്രവൃത്തി ചെയ്യുന്നതിന് ആരെയെങ്കിലും നിയമിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്നത് ശിക്ഷാർഹമാണ്. [വകുപ്പ് 219 എസ്, കെ.പി.ആർ.എ; വകുപ്പ് 340 എ, കെ.എം.എ]

### കുറിപ്പ്:

1. മേൽപറഞ്ഞ കുറ്റകൃത്യങ്ങൾ കൊഗ്നൈസബിളും ജാമ്യമില്ലാ കുറ്റവും ആയതിനാൽ മജിസ്ട്രേറ്റിന്റെ ഉത്തരവ് ഇല്ലാതെ തന്നെ പോലീസിന് കേസ് അന്വേഷിക്കാവുന്നതും ആവശ്യമെങ്കിൽ കുറ്റാരോപിതനെ അറസ്റ്റ് ചെയ്യാവുന്നതുമാണ്.

2. ഇവ സംബന്ധിച്ച് ലഭ്യമായ വിവരത്തിന്റെയോ പരാതിയുടെയോ അടിസ്ഥാനത്തിൽ പരിശോധനയ്ക്ക് പോകുന്ന സാഹചര്യത്തിൽ ലോക്കൽ പോലീസ് സ്റ്റേഷനിൽ നിന്നും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്താവുന്നതാണ്. അല്ലാത്ത പക്ഷം കുറ്റകൃത്യത്തിന്റെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി പോലീസിനെ അറിയിക്കേണ്ടതാണ്.

3. അവശ്യ ഘട്ടങ്ങളിൽ സെക്രട്ടറിക്കും സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർക്കും വേണമെങ്കിൽ സ്വകാര്യ വ്യക്തികൾക്കും ഈ രീതിയിലുള്ള കൊഗ്നൈസബിളും ജാമ്യമില്ലാത്തതുമായ കുറ്റങ്ങൾ തന്റെ സാന്നിദ്ധ്യത്തിൽ നടക്കുന്ന സാഹചര്യത്തിൽ വ്യക്തിയെ

അറസ്റ്റ് ചെയ്യാവുന്നതാണ്. ഇങ്ങനെ അറസ്റ്റ് ചെയ്ത വ്യക്തിയെ അനാവശ്യമായ താമസം കൂടാതെ, അതായത് പരമാവധി 6 മണിക്കൂറിനകം പോലീസിന് കൈമാറേണ്ടതാണ്.

4. സെക്രട്ടറി മഹസർ നിർബന്ധമായും തയ്യാറാക്കേണ്ടതാണ്. മഹസർ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ ഖണ്ഡിക 3.2ൽ നൽകിയിരിക്കുന്നു. മാതൃക മഹസ്സർ ഖണ്ഡിക 4.10 ആയി നല്കിയിട്ടുണ്ട്.
5. സെക്രട്ടറി ലോക്കൽ പോലീസിനെ വിവരം അറിയിച്ചിട്ടും നടപടി സ്വീകരിക്കാത്ത പക്ഷം പ്രോസിക്യൂഷൻ ആരംഭിക്കുന്നതിനായി സെക്രട്ടറിക്ക് നേരിട്ട് മജിസ്ട്രേറ്റിനു അന്യായം സമർപ്പിക്കാവുന്നതാണ്. അന്യായത്തിന്റെ മാതൃക ഖണ്ഡിക 4.11 ആയി നല്കിയിട്ടുണ്ട്.
6. പ്രോസിക്യൂഷൻ നടപടി സ്വീകരിക്കേണ്ടിവന്നാലുള്ള നടപടിക്രമം ഖണ്ഡിക 3.3ൽ നല്കിയിട്ടുണ്ട്.

## 2.11. അനധികൃതമായി മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ കൊണ്ടു പോകുന്നതിന് ഉപയോഗിച്ച വാഹനം പിടിച്ചെടുക്കലും കണ്ടുകെട്ടലും

| നിയമം | കേരള പഞ്ചായത്ത് രാജ് ആക്ട് | കേരള മുനിസിപാലിറ്റി ആക്ട് |
|---|---|---|
| വകുപ്പ് | 219 യു | 340 ബി |
| നടപടിക്രമം | വാഹനം കണ്ടുകെട്ടൽ | |
| വാഹനം പിടിച്ചെടുക്കുന്നതിന് അധികാരമുള്ളവർ | സെക്രട്ടറി അല്ലെങ്കിൽ, സെക്രട്ടറി ഈ ആവശ്യത്തിലേയ്ക്കായി പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ അല്ലെങ്കിൽ, സബ് ഇൻസ്പെക്ടറുടെ പദവിയിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥൻ | |
| വാഹനം കണ്ടുകെട്ടേണ്ട അധികാരി | സബ് ഡിവിഷണൽ മജിസ്ട്രേറ്റ് | |
| പിഴ | അയ്യായിരം രൂപ വരെ പിഴ | |
| പിഴ ചുമത്തേണ്ട അധികാരി | സെക്രട്ടറി | |

### വകുപ്പ് വിവരണം:

ചവറോ മാലിന്യമോ വിസ്സർജ്ജ്യ വസ്തുക്കളോ ഏതെങ്കിലും തരം കുറ്റകൃത്യം ചെയ്യുന്നതിനായുള്ള ഉദ്ദേശ്യത്തോടെയോ ഒരുക്കത്തോടെയോ പൊതുസ്ഥലത്തിലൂടെയോ പോതുനിരത്തിലൂടെയോ കടത്തി കൊണ്ടുപോകുന്നതോ അഥവാ അപ്രകാരം നിക്ഷേപിക്കുന്നതിന് ഉപയോഗിച്ചതിനു ശേഷം തിരികെ പോകുന്നതോ ആണെന്ന് ന്യായമായി സംശയിക്കാൻ കാരണമുള്ള വാഹനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിക്കോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ സബ് ഇൻസ്പെക്ടറിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ പിടിച്ചെടുക്കാവുന്നതും, നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച ശേഷം, അധികാരിതയുള്ള സബ്-ഡിവിഷണൽ മജിസ്ട്രേറ്റ് മുൻപാകെ ഹാജരാക്കാവുന്നതുമാണ്. [വകുപ്പ് 219 യു, കെ.പി.ആർ; വകുപ്പ് 340ബി, കെഎം.എ].

### കുറിപ്പ്:

1. പിടിച്ചെടുക്കുന്ന വാഹനം കണ്ടുകെട്ടൽ നടപടികൾക്കായി ബന്ധപ്പെട്ട സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കേണ്ടതാണ്.
2. ഹാജരാക്കുമ്പോൾ വാഹനത്തോടൊപ്പം മഹസ്സർ, ഫോട്ടോകൾ, വീഡിയോകൾ മുതലായവ ഹാജരാക്കേണ്ടതാണ്.
3. ഈ രീതിയിലുള്ള കുറ്റങ്ങൾ പിടികൂടുവാൻ പരിശോധനയ്ക്ക് പോകുന്ന സാഹചര്യത്തിൽ ലോക്കൽ പോലീസ് സ്റ്റേഷനിൽ നിന്നും പോലീസ് ഉദ്യോഗസ്ഥൻ കൂടെ ഉണ്ടാകുന്നതാണ്

ഉചിതം.

4. സബ് ഡിവിഷണൽ മജിസ്ട്രേറ്റ് അന്വേഷണം നടത്തിയതിനു ശേഷം ഏതെങ്കിലും രീതിയിലുള്ള കുറ്റകൃത്യങ്ങൾ ചെയ്യാൻ വാഹനം അല്ലെങ്കിൽ യാനപാത്രം ഉപയോഗിച്ചിട്ടുണ്ടെന്ന് വിശ്വസിക്കാൻ കാരണമുണ്ടെന്ന് സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് ബോധ്യപ്പെട്ടാൽ, അങ്ങനെ പിടിച്ചെടുത്ത വാഹനം അല്ലെങ്കിൽ യാനപാത്രം കണ്ടുകെട്ടാവുന്നതാണ്. അല്ലാത്തപക്ഷം വിട്ടുനൽകേണ്ടതാണ്.

5. പിടിച്ചെടുക്കുന്ന വാഹനത്തിൽ മാലിന്യമോ ചവറോ വിസർജ്ജ്യ വസ്തുക്കളോ ഉണ്ടെങ്കിൽ പിടിച്ചെടുക്കുന്ന ആൾ വിവരം സെക്രട്ടറിയെ അറിയിക്കുകയും മറ്റ് നടപടികൾക്ക് ഭംഗം വരാതെ മാലിന്യം നീക്കം ചെയ്യുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതും ആയതിന്റെ ചെലവും അയ്യായിരം രൂപയിൽ കവിയാത്ത പിഴയും വാഹന ഉടമയിൽ നിന്നും ഈടാക്കേണ്ടതുമാണ്. [വകുപ്പ് 219യു (4), കെ.പി.ആർ.എ; വകുപ്പ് 340 ബി (4), കെ.എം.എ]

6. വാഹനം കണ്ടുകെട്ടുന്ന സംഗതിയിൽ ലേലം ചെയ്യുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മാലിന്യ സംസ്കരണ ഫണ്ടിലേക്കാണ് വരവു വയ്ക്കേണ്ടത്.

3

# നടപടിക്രമങ്ങളും പ്രധാനപ്പെട്ട രേഖകളും

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട കുറ്റങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടപടി സ്വീകരിക്കേണ്ടത് സെക്രട്ടറി അല്ലെങ്കിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥനാണ്.

പ്രോസിക്യൂഷൻ ആവശ്യമായ കുറ്റകൃത്യങ്ങൾക്ക് ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിക്കാണ് വിചാരണ നടത്താനുള്ള അധികാരം.

ഈ നടപടികളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളും ആവശ്യമായ രേഖകളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 3.1. പരിശോധനയ്ക്കായി പോകുമ്പോൾ പ്രായോഗികമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- സെക്രട്ടറിക്ക് നേരിട്ടോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ പരിശോധന നടത്താവുന്നതാണ്. സെക്രട്ടറി ചുമതലപ്പെടുത്തുന്നപക്ഷം ഓഫീസ് ഉത്തരവ് ഉണ്ടായിരിക്കേണ്ടതാണ്.
- പരിശോധനയ്ക്ക് പുറപ്പെടുന്നതിന് മുമ്പ് മൂവ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്.
- ഐഡന്റിറ്റി കാർഡ് കൈവശം കരുതേണ്ടതാണ്.
- നോട്ടീസ് നൽകുന്നതിനുള്ള ഫോറവും നിയമപരമായി പാലിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് ബ്രോഷറും (Citizen Education) കരുതാവുന്നതാണ്.
- ടീമിൽ 3 ഉദ്യോഗസ്ഥർ ഉണ്ടാകുന്നത് അഭികാമ്യമാണ്. ഒരു ഉദ്യോഗസ്ഥന് നിയമനടപടി രേഖ തയ്യാറാക്കൽ, കൈമാറൽ എന്നിവയുടെ ചുമതല ഉണ്ടാകുന്നതും നന്നാകും.
- സംഭവസ്ഥലത്ത് വച്ച് തന്നെ മഹസർ തയ്യാറാക്കേണ്ടതാണ്; മഹസർ തയാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിഷയങ്ങൾക്കായി ഖണ്ഡിക 3.2.-ൽ പരാമർശിച്ചിട്ടുണ്ട്.
- കുറ്റാരോപിതനോ/ സ്ഥാപന ഉടമസ്ഥനോ/ കൈവശക്കാരനോ സ്ഥലത്തുണ്ടെങ്കിൽ മഹസർ വായിച്ചു കേൾപ്പിക്കുന്നതും ഒപ്പ് വാങ്ങുന്നതും അഭികാമ്യമാണ്. ആവശ്യപ്പെടുകയാണെങ്കിൽ പകർപ്പ് കൈമാറാവുന്നതുമാണ്.
- പരിശോധന വേളയിൽ പിടിച്ചെടുത്ത വസ്തുക്കളുടെ അളവ്, ഇനം മുതലായവ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആയതിന്റെ ഫോട്ടോ, വീഡിയോ തുടങ്ങിയവ എടുത്ത് സൂക്ഷിക്കേണ്ടതാണ്.
- പിടിച്ചെടുത്ത വസ്തുക്കളുടെ സാമ്പിൾ (ആവശ്യമാണെങ്കിൽ) എടുത്തതിന് ശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ രേഖാമൂലമുള്ള നിർദ്ദേശാനുസരണം ശാസ്ത്രീയമായി സംസ്കരിക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ വരുന്ന ചെലവ് വ്യക്തിയിൽ നിന്നും ഈടാക്കാവുന്നതാണ്.

## 3.2. മഹസ്സർ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ

- കുറ്റകൃത്യത്തിന്റെ കാര്യങ്ങൾ നേരിൽ കണ്ട പ്രകാരം (Description of facts and state of things) രേഖപ്പെടുത്തുന്നതിനാണ് മഹസർ തയ്യാറാക്കുന്നത്.
- കുറ്റകൃത്യ സ്ഥലത്ത് എത്തിച്ചേർന്ന തീയതി, സമയം എന്നിവ രേഖപ്പെടുത്തികൊണ്ടാണ്

മഹസർ എഴുതാൻ ആരംഭിക്കേണ്ടത്. മഹസർ തയ്യാറാക്കുന്ന ഉദ്യോഗസ്ഥനെ സംബന്ധിച്ച വിവരങ്ങൾ മഹസറിൽ പറയേണ്ടതാണ്. കുറ്റകൃത്യം നടന്ന സ്ഥലം കോടതി മുമ്പാകെ വളരെ പ്രധാനപ്പെട്ടതായതിനാൽ മഹസർ തയ്യാറാക്കുമ്പോൾ സൈറ്റ് സ്കെച്ച് കൂടി ഉൾപ്പെടുത്തുന്നത് നന്നായിരിക്കും. കെട്ടിടമുണ്ടെങ്കിൽ കെട്ടിട നമ്പറും ഉടമസ്ഥന്റെ/കൈവശക്കാരന്റെ പേരും വിവരങ്ങളും രേഖപ്പെടുത്തണം.

- കുറ്റകൃത്യത്തിൽ ഉൾപ്പെട്ട ഏതെങ്കിലും വസ്തുക്കൾ ബന്തവസ്സിൽ എടുക്കുന്നു എങ്കിൽ ആയതിന്റെ അളവ്, സ്ഥലം, സമയം, ആരുടെ സാന്നിധ്യത്തിൽ, ആരൊക്കെ ചേർന്ന് നടപടികൾ പൂർത്തീകരിച്ചു എന്നിവയുടെ വിശദാംശങ്ങൾ ഉൾപ്പടെ മഹസറിലെ ഉള്ളടക്കമായി ചേർക്കണം. നടപടിക്രമങ്ങൾ ഒന്നും വിട്ടുപോകാതെ ഒഴുക്കോടെ എഴുതാൻ ശ്രദ്ധിക്കണം.
- മഹസർ തയ്യാറാക്കി കഴിഞ്ഞാൽ രണ്ട് സാക്ഷികളെ കൊണ്ട് ഒപ്പ് രേഖപ്പെടുത്തിക്കണം. സാക്ഷികളുടെ പേരും വിലാസവും മുഴുവനും രേഖപ്പെടുത്തണം. ഫോൺ നമ്പറും തിരിച്ചറിയൽ രേഖയും അഭികാമ്യമാണ്. സാക്ഷികളുടെ മൊഴിയെടുത്ത് എഴുതേണ്ട ആവശ്യമില്ല. സാക്ഷികളിൽ ഒരാൾ പരിസരവാസിയും മറ്റെയാൾ സർക്കാർ ഉദ്യോഗസ്ഥനും ആകുന്നത് അഭികാമ്യമാണ്.
- മഹസറിന് താഴെ മഹസർ തയ്യാറാക്കിയ ഉദ്യോഗസ്ഥനും ടീമംഗങ്ങളും ഒപ്പ് രേഖപ്പെടുത്തണം.
- മഹസറിനോടൊപ്പം തന്നെ ഫോട്ടോഗ്രാഫ് ഉൾക്കൊള്ളിക്കണം. വീഡിയോ റെക്കോർഡ് ചെയ്തിട്ടുണ്ടെങ്കിൽ ആയതും മഹസറിനോടൊപ്പം സമർപ്പിക്കാം. സിസിടിവി ക്യാമറയിലെ വീഡിയോ ഫൂട്ടേജ് ലഭ്യമാണെങ്കിൽ ആയതിന്റെ പകർപ്പും ഉൾക്കൊള്ളിക്കാം.

## 3.3. കോടതിയിൽ പ്രോസിക്യൂഷൻ നടത്തുമ്പോൾ ശ്രദ്ധിക്കേണ്ടത്

### 3.3.1. പ്രോസിക്യൂഷൻ നടപടികൾക്കായി തയ്യാറാക്കേണ്ട രേഖകൾ

- അന്യായം (കംപ്ലൈന്റ്)
- മഹസ്സറിന്റെ കോപ്പി
- നോട്ടീസ് സെർവ് ചെയ്തതിന്റെ കോപ്പികൾ
- മറുപടി ലഭിച്ചെങ്കിൽ, അത്
- ഫോട്ടോകൾ, വീഡിയോകൾ മുതലായവ (നിയമാനുസൃതമായ സർട്ടിഫിക്കറ്റുകൾ ഉൾപ്പടെ)
- സാക്ഷി പട്ടിക
- രേഖാ ലിസ്റ്റ്

മേൽപ്പറഞ്ഞവയുടെ മതിയായ പകർപ്പ് സഹിതമാണ് അന്യായം സമർപ്പിക്കേണ്ടത്.

### 3.3.2. അന്യായം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു:

- മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് സമൻസ് ട്രയലാണ് നടത്തുക.
- സെക്രട്ടറിക്ക് സ്വമേധയ അന്യായം ബോധിപ്പിക്കാവുന്നതും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. അല്ലെങ്കിൽ നഗരസഭയ്ക്കോ സെക്രട്ടറിക്കോ അന്യായം ബോധിപ്പിക്കാനായി മറ്റൊരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താവുന്നതുമാണ്. അന്യായം ഒരു കത്തിന്റെ രൂപത്തിൽ യാതൊരു കാരണവശാലും തയ്യാറാക്കാൻ പാടുള്ളതല്ല.
- ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുൻപാകെയാണ് അന്യായം ബോധിപ്പിക്കേണ്ടത്.
- കേസ് കോടതിയിൽ എടുക്കുന്ന സാഹചര്യത്തിൽ കുറ്റാരോപിതനെ അപ്പോൾ തന്നെ അയാൾക്കെതിരെയുള്ള കുറ്റം വായിച്ചു കേൾപ്പിക്കയും കുറ്റം സമ്മതിക്കുന്നോ എന്ന് ചോദിക്കയും ചെയ്യും.

- കുറ്റം സമ്മതിച്ചാൽ കോടതി അത് രേഖപ്പെടുത്തി വിധി കൽപ്പിക്കുന്നതാണ്.
- കുറ്റം സമ്മതിക്കാത്ത പക്ഷം കോടതി ഭാരതീയ നാഗരിക് സുരക്ഷാ സൻഹിതയിലെ വകുപ്പുകൾ 274 മുതൽ 279 വരെയുള്ള വ്യവസ്ഥകൾ അനുസരിച്ച് വിചാരണ നടത്തി വിധി കൽപ്പിക്കുന്നതാകും.
- ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കേണ്ട രേഖകളുടെ മാതൃകകൾ അദ്ധ്യായം 4–ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 3.3.3. കോടതിയിലെ പ്രോസിക്യൂഷൻ നടപടികൾ

- ഒരു കുറ്റകൃത്യം നടന്നതായുള്ള അന്യായത്തിന്റെയൊ പോലീസ് റിപ്പോർട്ടിന്റെയോ (ചാർജ്) അടിസ്ഥാനത്തിലാണ് മജിസ്ട്രേറ്റ് കോടതി കേസ്സ് ഫയലിൽ സ്വീകരിക്കുന്നത്.
- മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട കുറ്റങ്ങളിൽ പ്രോസിക്യൂഷൻ ആവശ്യമായ കുറ്റകൃത്യങ്ങൾക്ക് ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിക്കാണ് സെക്രട്ടറി അല്ലെങ്കിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ അന്യായം സമർപ്പിക്കേണ്ടത്.
- അന്യായം ഫയലിൽ സ്വീകരിച്ചശേഷം പ്രതി ഹാജരാകുമ്പോൾ പ്രതി കുറ്റം സമ്മതിക്കുകയാണോ നിഷേധിക്കുകയാണോ ചെയ്യുന്നതെന്ന് മജിസ്ട്രേറ്റ് ചോദിക്കുന്നതാണ്.
- പ്രതി കുറ്റം സമ്മതിക്കുകയാണെങ്കിൽ അപ്പോൾതന്നെ മജിസ്ട്രേറ്റിന് ശിക്ഷിക്കാവുന്നതാണ്. നിഷേധിക്കുകയാണങ്കിൽ തെളിവു ഹാജരാക്കുന്നതിന് അന്യായക്കാരനോട് ആവശ്യപ്പെട്ട്, വിചാരണ നടപടി സ്വീകരിച്ച്, വാദിഭാഗം ഹാജരാക്കുന്ന സാക്ഷികളെ വിസ്തരിച്ച്, ഇരുഭാഗത്തിന്റെയും വാദം കേട്ടതിനുശേഷം പ്രതി കുറ്റക്കാരനാണെന്നു കണ്ടാൽ ശിക്ഷിക്കുകയും കുറ്റം തെളിഞ്ഞിട്ടില്ലെങ്കിൽ പ്രതിയെ വെറുതെവിടുകയും ചെയ്യുന്നതാണ്.

## 3.4. രാജിയാക്കൽ നടപടിക്രമം

1. 1996ലെ കേരള മുനിസിപ്പാലിറ്റി (കുറ്റങ്ങൾ രാജിയാക്കൽ) ചട്ടങ്ങൾ, പട്ടിക 1ൽ രാജിയാക്കാൻ പറ്റുന്ന കുറ്റങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. അവയിൽ ഉൾപ്പെട്ടിരിക്കുന്ന കുറ്റങ്ങൾ ആണെങ്കിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാതിരിക്കേണ്ടതിനുള്ള കാരണം കാണിക്കൽ നോട്ടീസ് (ചട്ടത്തിലെ നിശ്ചിത മാതൃക പ്രകാരം) കുറ്റാരോപിതന് നൽകേണ്ടതാണ്.
2. 1996ലെ കേരള പഞ്ചായത്ത് (കുറ്റങ്ങൾ രാജിയാക്കൽ) ചട്ടങ്ങളിൽ നിലവിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ പട്ടികയിൽ ഇല്ലാത്തതിനാൽ അവ ഒന്നും രാജിയാക്കാൻ സാധിക്കുന്നതല്ല.
3. നോട്ടീസ് കൈപ്പറ്റാൻ വിസമ്മതിക്കുന്ന പക്ഷം രണ്ടു സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ നോട്ടീസ് പതിച്ചു നടത്താവുന്നതാണ്.
4. നോട്ടീസ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട വ്യക്തി കൊടുത്ത നോട്ടീസിന് കാരണം കാണിച്ച് മറുപടി നല്കുകയും, പ്രോസിക്യൂഷൻ നടപടി ഒഴിവാക്കാൻ തക്കതായ കാരണം കാണിച്ച് രാജിയാക്കാനുള്ള അപേക്ഷ നൽകുകയും ചെയ്താൽ കുറ്റം രാജിയാക്കാവുന്നതുമാണ്.
5. കുറ്റം രാജിയാക്കാൻ ആവശ്യപ്പെട്ട് അപേക്ഷ 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച്, രാജിയാക്കൽ ഫീസ് 10 രൂപ എന്നിവ സഹിതം നൽകേണ്ടതാണ്.
6. രാജിയാക്കാൻ തീരുമാനിക്കുന്ന പക്ഷം ചട്ടത്തിലെ പട്ടികയിലെ മൂന്നാം കോളത്തിൽ പറയുന്ന പിഴയുടെ 25 ശതമാനത്തിൽ കുറയാതെയും 50 ശതമാനത്തിൽ അധികമാവാതെയും പിഴ ചുമത്തേണ്ടതാണ്.
7. മതിയായ കാരണം ബോധ്യപ്പെടാത്തതും ആവർത്തിക്കുന്നതുമായ കുറ്റങ്ങൾക്ക് അപേക്ഷ നിരസിക്കാവുന്നതാണ്.
8. കുറ്റം രാജിയാക്കാൻ സമർപ്പിച്ച അപേക്ഷ സെക്രട്ടറി നിരസിക്കുന്ന അവസ്ഥയിൽ

30 ദിവസത്തിനകം കുറ്റാരോപിതനായ വ്യക്തിക്ക് കൗൺസിൽ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

9. ഇപ്രകാരമുള്ള അപ്പീൽ ലഭിച്ച് 90 ദിവസത്തിനുള്ളിൽ കൗൺസിൽ യുക്തമായ തീരുമാനം എടുക്കേണ്ടതാണ്. അപ്പീൽ അനുവദിക്കുന്ന പക്ഷം കുറ്റം രാജിയാക്കാൻ സെക്രട്ടറിക്ക് നിർദേശം നൽകാവുന്നതാണ്.

10. രാജിയാക്കാനുള്ള അപേക്ഷ സമർപ്പിച്ച് രാജിയാക്കിയ ശേഷവും പിഴത്തുക അടയ്ക്കാത്ത പക്ഷവും, രാജിയാക്കൽ ചട്ടത്തിന്റെ പരിധിയിൽ വരാത്ത കേസുകളിലും മുനിസിപാലിറ്റി നിയമം 541 പ്രകാരവും പഞ്ചായത്തിരാജ് നിയമം 245 പ്രകാരവും കുറ്റക്കാർക്കെതിരെ അധികാരമുള്ള മജിസ്ട്രേറ്റ് കോടതി മുൻപാകെ പ്രോസിക്യൂഷൻ നടപടി തുടരേണ്ടതാണ്.

മജിസ്ട്രേറ്റ് കോടതി മുൻപാകെ നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ കോടതിയുടെ അനുമതിയോടെ മാത്രമെ കുറ്റങ്ങൾ രാജിയാക്കാൻ സാധിക്കു.

# 4

# മാതൃകാ രേഖകൾ

താഴെ കൊടുത്തിരിക്കുന്നവയെല്ലാം മാതൃക രേഖകൾ മാത്രമാണ്. വേണ്ട രീതിയിൽ അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ആവശ്യത്തിനനുസരിച്ച് മാറ്റങ്ങൾ വരുത്തി വേണം ഉപയോഗിക്കുവാൻ.

## 4.1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219ഐ / കേരള മുനിസിപ്പാലിറ്റി ആക്ട് 335 വകുപ്പ് പ്രകാരം പിഴ ചുമത്താനായി നൽകാവുന്ന നോട്ടീസുകൾ

### എ. പഞ്ചായത്ത് തൽസമയ പിഴ ചുമത്തുന്നതിനായി നൽകാവുന്ന ഡിമാൻഡ് - നോട്ടീസ് കം രസീതിന്റെ മാതൃക

____________ഗ്രാമപഞ്ചായത്ത് – 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219 ഐ വകുപ്പ് ലംഘനത്തിനെതിരെ ശ്രീ./ശ്രീമതി _____________എന്നവർക്ക് _________ (ഉദ്യോഗസ്ഥന്റെ പേര് വിവരങ്ങൾ) നൽകുന്ന,

**<u>ഡിമാൻഡ് - നോട്ടീസ് കം രസീത്</u>**

നോട്ടീസ് നമ്പർ: _____ തീയതി: _____

വിഷയം : സ്ഥാപനത്തിന്റെ പരിസരത്തായി മാലിന്യം വലിച്ചെറിയുകയോ/ കത്തിക്കുകയോ/ കുഴിച്ചുമൂടുകയോ ചെയ്തതിനുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്

___________ പഞ്ചായത്തിൽ_______ വാർഡിൽ, ________ സർവ്വേ നമ്പറിൽ പ്രവർത്തിക്കുന്ന/ സ്ഥിതി ചെയ്യുന്ന _________ (സ്ഥാപനത്തിന്റെ പേര്) എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥനായ/ കൈവശക്കാരനായ ________________ എന്ന താങ്കൾ, താങ്കളുടെ സ്ഥാപനത്തിന്റെ പരിസരത്തിൽ താഴെ വിശദീകരിച്ചിരിക്കുന്ന പ്രവൃത്തി ചെയ്തിരിക്കുന്നതായി വിവരം ലഭിച്ചിരിക്കുന്നു.

__________________________________________________________________________
__________________________________________________________________________
______________________________

മേൽപ്പറഞ്ഞ പ്രവൃത്തി 1994– ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219ഐ വകുപ്പിന്റെ ലംഘനമാകയാൽ കുറ്റകരവും ശിക്ഷാർഹവുമാണ്. ടി കുറ്റത്തിന് താങ്കളാണ് ഉത്തരവാദി എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിരിക്കുന്നതിനാൽ ടി നിയമം പ്രകാരം ________ രൂപ (__________ രൂപ അക്ഷരത്തിൽ) പിഴ ചുമത്തിയിരിക്കുന്നു. ടി തുക ഈ നോട്ടീസ് താങ്കൾ കൈപ്പറ്റിയ / നിയമാനുസൃതം പതിച്ച് നടത്തിയ __________ തീയതി മുതൽ 15 ദിവസങ്ങൾക്കകം താങ്കൾ ഗ്രാമ പഞ്ചായത്തിലേക്ക് അടയ്ക്കേണ്ടതാണെന്ന് താങ്കളെ അറിയിക്കുന്നു.

അപ്രകാരം ചെയ്യാത്ത പക്ഷം ഇനിയൊരറിയിപ്പ് കൂടാതെ താങ്കൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെ നിയമനടപടികൾ സ്വീകരിക്കുന്നതും, പ്രസ്തുത കുറ്റകരമായ പ്രവൃത്തി തടയുന്നതിലേയ്ക്ക് അതത് സംഗതിപോലെ യുക്തമെന്ന് തോന്നുന്ന പരിഹാര നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്നും അറിയിക്കുന്നു.

തീയതി: ___________

സ്ഥലം: ___________ സെക്രട്ടറി/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ(ൻ)

## ബി. മുനിസിപ്പാലിറ്റികൾ പിഴ ചുമത്തുന്നതിനായി നൽകാവുന്ന നോട്ടീസിന്റെ മാതൃക

________________ നഗരസഭ – 1994–ലെ കേരള മുനിസിപാലിറ്റി ആക്ട് 335 വകുപ്പിൻ്റെ ലംഘനത്തിനെതിരെ ശ്രീ/ ശ്രീമതി ____________ എന്നയാൾക്ക് കേരള മുനിസിപ്പാലിറ്റി ആക്ട് 345എ വകുപ്പ് പ്രകാരം നഗരസഭ സെക്രട്ടറി നൽകുന്ന,

## <u>കാരണം കാണിക്കൽ നോട്ടീസ്</u>

നോട്ടീസ് നം.:______ തീയതി: ______

വിഷയം: സ്ഥാപനത്തിന്റെ പരിസരത്തായി മാലിന്യം വലിച്ചെറിയുകയോ/ കത്തിക്കുകയോ/ കുഴിച്ചുമൂട്ടുകയോ ചെയ്തതിനുള്ള നിയമനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് –

സൂചന: സെക്രട്ടറി/ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ _____ തീയതിയിലെ നേരിട്ടുള്ള സ്ഥല പരിശോധന റിപ്പോർട്ട്

സൂചന റിപ്പോർട്ട് പ്രകാരം _____________ നഗരസഭയിൽ, ______ വാർഡിൽ, ______ (വീട്), ______ മകൻ(ൾ) ആയ ___________ എന്ന താങ്കൾ, താങ്കളുടെ ഉടമസ്ഥതയിൽ/ കൈവശമുള്ള ___________എന്ന സ്ഥാപനത്തിൻ്റെ പരിസരത്തിൽ താഴെ വിശദീകരിച്ചിരിക്കുന്ന പ്രവൃത്തി ചെയ്തിരിക്കുന്നതായി വിവരം ലഭിച്ചിരിക്കുന്നു.

______________________________________________________________________
______________________________________________________________________

മേൽപ്പറഞ്ഞ പ്രവൃത്തി കേരള മുനിസിപാലിറ്റി ആക്ട് 335 വകുപ്പിന്റെ ലംഘനവും ശിക്ഷാർഹവുമാണ്. ടി വകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ചാൽ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് അയ്യായിരം രൂപ വരെയുള്ള പിഴ ചുമത്താവുന്നതാണ്. ആയതിനാൽ താങ്കൾക്കെതിരായി 1994ലെ കേരള മുനിസിപാലിറ്റി ആക്ടിലെ 345എ വകുപ്പ് പ്രകാരമുള്ള നടപടിക്രമങ്ങൾ വഴി ശിക്ഷാനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. അപ്രകാരം ശിക്ഷാനടപടി സ്വീകരിക്കാതിരിക്കാൻ എന്തെങ്കിലും കാരണമുള്ളപക്ഷം ആയത് ഈ നോട്ടീസ് കൈപ്പറ്റുന്ന _________തീയതി മുതൽ _______ (പരമാവധി പതിനഞ്ച് ദിവസം) –ത്തിനകം രേഖാമൂലം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് മേൽപറഞ്ഞ സമയത്തിനുള്ളിൽ ബോധിപ്പിക്കാവുന്നതാണ്. അല്ലാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും അറിയിക്കുവാനില്ല എന്ന നിഗമനത്തിൽ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സ്ഥലം: _________

തീയതി: __________ സെക്രട്ടറി/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ(ൻ)

## 4.2. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 219എൻ / കേരള മുനിസിപാലിറ്റി ആക്ട് വകുപ്പ് 340 പ്രകാരം തത്സമയ പിഴ ചുമത്താനായി നൽകാവുന്ന നോട്ടീസിന്റെ മാതൃക

_____________ ഗ്രാമപഞ്ചായത്ത് – 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219എൻ വകുപ്പിൻ്റെ/ കേരള മുനിസിപാലിറ്റി ആക്ട് 340 വകുപ്പിൻ്റെ ലംഘനത്തിനെതിരെ ശ്രീ./ ശ്രീമതി _________ എന്നവർക്ക് ___________ (ഉദ്യോഗസ്ഥന്റെ പേര് വിവരങ്ങൾ) നൽകുന്ന,

**ഡിമാൻഡ് - നോട്ടീസ് കം രസീത്**

നോട്ടീസ് നമ്പർ: _____ തീയതി: ______

വിഷയം : ജൈവ/അജൈവ മാലിന്യം വലിച്ചെറിഞ്ഞതിനോ/ കത്തിച്ചതിനോ/ കുഴിച്ചുമൂടിയതിനോ ശിക്ഷാനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്

__________ പഞ്ചായത്തിൽ/നഗരസഭയിൽ, _______ വാർഡിൽ, ______ (വീട്, മേൽവിലാസം), ______ മകൻ(ൾ) ആയ ___________ എന്ന താങ്കൾ താഴെ വിശദീകരിച്ചിരിക്കുന്ന പ്രവൃത്തി ചെയ്തിരിക്കുന്നതായി വിവരം ലഭിച്ചിരിക്കുന്നു.

________________________________________________________________________________
________________________________________________________________________________

മേൽപ്പറഞ്ഞ പ്രവൃത്തി 1994– ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 219എൻ/കേരള മുനിസിപ്പാലിറ്റി ആക്ട് 340–ന്റെ ലംഘനമാകയാൽ കുറ്റകരവും ശിക്ഷാർഹവുമാണ്. ടി കുറ്റത്തിന് താങ്കളാണ് ഉത്തരവാദി എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിരിക്കുന്നതിനാൽ ടി നിയമം പ്രകാരം _________ രൂപ (_______________ രൂപ അക്ഷരത്തിൽ) പിഴ ചുമത്തിയിരിക്കുന്നു. ടി തുക ഈ നോട്ടീസ് താങ്കൾ കൈപ്പറ്റിയ / നിയമാനുസൃതം പതിച്ച് നടത്തിയ __________ തീയതി മുതൽ 15 ദിവസങ്ങൾക്കകം താങ്കൾ ഗ്രാമ പഞ്ചായത്ത്/ നഗരസഭയിൽ അടയ്ക്കേണ്ടതാണെന്ന് താങ്കളെ അറിയിക്കുന്നു. അപ്രകാരം ചെയ്യാത്ത പക്ഷം ഇനിയൊരറിയിപ്പ് കൂടാതെ താങ്കൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെ നിയമ നടപടികൾ സ്വീകരിക്കുന്നതും, പ്രസ്തുത കുറ്റകരമായ പ്രവൃത്തി തടയുന്നതിലേയ്ക്ക് അതത് സംഗതിപോലെ യുക്തമെന്ന് തോന്നുന്ന പരിഹാര നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്നും അറിയിക്കുന്നു.

തീയതി: ___________

സ്ഥലം: ___________ സെക്രട്ടറി/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ(ൻ)

## 4.3. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 219എസി / കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 326സി പ്രകാരം നൽകാവുന്ന നോട്ടീസിന്റെ മാതൃക

________________ഗ്രാമപഞ്ചായത്ത്/ നഗരസഭ – 1994–ലെ കേരള പഞ്ചായത്തി രാജ് വകുപ്പ് 219എസി വകുപ്പിന്റെ/ കേരള മുനിസിപാലിറ്റി ആക്ട് 326സി വകുപ്പിൻ്റെ ലംഘനത്തിനെതിരെ ശ്രീ/ ശ്രീമതി ____________ എന്നയാൾക്ക് കേരള പഞ്ചായത്ത് രാജ് ആക്ട് 219വൈ വകുപ്പ്/ കേരള മുനിസിപ്പാലിറ്റി ആക്ട് 345എ വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത്/ നഗരസഭാ സെക്രട്ടറി നൽകുന്ന,

**<u>കാരണം കാണിക്കൽ നോട്ടീസ്</u>**

നോട്ടീസ് നം.:______ തീയതി: ______

വിഷയം: ____________ എന്ന സ്ഥാപനത്തിൽ/ കെട്ടിടത്തിൽ നിന്നും മാലിന്യം തരംതിരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകൃത ഏജൻസിക്ക് നൽകാതിരിക്കുക എന്ന കുറ്റകരമായ പ്രവൃത്തി ചെയ്തതിന് – ശിക്ഷാ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്

സൂചന : സെക്രട്ടറി/ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ _____ തീയതിയിലെ നേരിട്ടുള്ള സ്ഥല പരിശോധന റിപ്പോർട്ട്

സൂചന റിപ്പോർട്ട് പ്രകാരം ______ പഞ്ചായത്തിൽ/നഗരസഭയിൽ, ______ വാർഡിൽ, ______ (വീട്), ______ മകൻ(ൾ) ആയ ___________ എന്ന താങ്കൾ, താങ്കളുടെ ഉടമസ്ഥതയിൽ/ കൈവശമുള്ള ___________എന്ന സ്ഥാപനത്തിൽ/കെട്ടിടത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യം കൃത്യമായി തരംതിരിച്ച് അംഗീകൃത ഏജൻസിക്ക്/ ഹരിത കർമ്മ സേനയ്ക്ക് കൈമാറാൻ ഉള്ള നടപടി സ്വീകരിച്ചിട്ടില്ലാത്തതും തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചയിച്ച യൂസർഫീ നൽകിയിട്ടില്ല എന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ഇത് കേരള പഞ്ചായത്തി രാജ് ആക്ട് വകുപ്പ് 219എസി വകുപ്പിന്റെ/ കേരള മുനിസിപാലിറ്റി ആക്ട് 326സി വകുപ്പിന്റെ ലംഘനവും ശിക്ഷാർഹവുമാണ്.

ആയതിനാൽ താങ്കൾക്കെതിരായി 1994–കേരള പഞ്ചായത്തി രാജ് ആക്ടിലെ 219വൈ/ കേരള മുനിസിപാലിറ്റി ആക്ടിലെ 345എ വകുപ്പ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് ശിക്ഷാനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. ടി വകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ചാൽ സെക്രട്ടറിക്ക് ആയിരം രൂപയിൽ കുറയാത്തതും പതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ ചുമത്താവുന്നതാണ്. അപ്രകാരം ശിക്ഷാനടപടി സ്വീകരിക്കാതിരിക്കാൻ എന്തെങ്കിലും കാരണമുള്ളപക്ഷം ആയത് ഈ നോട്ടീസ് കൈപ്പറ്റുന്ന _________തീയതി മുതൽ _______ (പരമാവധി പതിനഞ്ച് ദിവസം) –ത്തിനകം രേഖാമൂലം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് മേൽപറഞ്ഞ സമയത്തിനുള്ളിൽ ബോധിപ്പിക്കാവുന്നതാണ്. അല്ലാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും അറിയിക്കുവാനില്ല എന്ന നിഗമനത്തിൽ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനം ചുമത്തുന്ന പിഴ 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 210/ 1994–ലെ കേരള മുനിസിപാലിറ്റി ആക്ട് വകുപ്പ് 538ബി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് വരവാക്കേണ്ട തുകയായി കണക്കാക്കുന്നതും പൊതുനികുതി കുടിശ്ശികയെന്ന പോലെ ഈടാക്കുന്നതുമാണ്.

സ്ഥലം: _________

തീയതി: __________ സെക്രട്ടറി/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ(ൻ)

## 4.4. 1994-ലെ കേരള പഞ്ചായത്തി രാജ് ആക്ട് 219എഡി വകുപ്പ്/ കേരള മുനിസിപാലിറ്റി ആക്ട് 326ഡി വകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചയിച്ച യൂസർഫീ നൽകുന്നതിൽ വീഴ്ച വരുത്തിയതിന് ഉടമസ്ഥന്/ കൈവശക്കാരന് നൽകാവുന്ന നോട്ടീസിന്റെ മാതൃക

___________ഗ്രാമപഞ്ചായത്ത്/നഗരസഭ – 1994–ലെ കേരള പഞ്ചായത്തി രാജ് ആക്ട് 219എഡി വകുപ്പ് / 1994ലെ കേരള മുനിസിപാലിറ്റി ആക്ട് 326ഡി വകുപ്പിന്റെ ലംഘന ത്തിനെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട് 219വൈ വകുപ്പ്/ കേരള മുനിസിപ്പാലിറ്റി ആക്ട് 345എ വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത്/ നഗരസഭാ സെക്രട്ടറി നൽകുന്ന,

### കാരണം കാണിക്കൽ നോട്ടീസ്

നോട്ടീസ് നമ്പർ: ______ തീയതി: ______

വിഷയം : _________ എന്ന വീട്/സ്ഥാപനത്തിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചയിച്ച യൂസർഫീ നൽകുന്നതിൽ വീഴ്ച വരുത്തി എന്ന കുറ്റകരമായ പ്രവൃത്തി ചെയ്തതത് – ശിക്ഷാനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്

സൂചന : തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി/ സെക്രട്ടറി പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ______ തീയതിയിലെ റിപ്പോർട്ട്

സൂചന റിപ്പോർട്ട് പ്രകാരം ______ പഞ്ചായത്തിൽ/നഗരസഭയിൽ, ______ വാർഡിൽ, ______ (വീട്), _______ മകൻ(ൾ) ആയ ___________ എന്ന താങ്കൾ, താങ്കളുടെ ഉടമസ്ഥ തയിൽ/ കൈവശമുള്ള ___________എന്ന വീട്/ സ്ഥാപനത്തിൽ നിന്നും അജൈവ/ ജൈവ പാഴ്‌വസ്തുക്കൾ ശേഖരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള ______ രൂപ എന്ന യൂസർഫീ തുക ________ മാസം നൽകാതിരുന്നു എന്നും യൂസർഫീ പിഴകൂടാതെ ഒടുക്കാനുള്ള തൊണ്ണൂറ് ദിവസം എന്ന സാവകാശ സമയപരിധിക്കുള്ളിലും അടച്ചിട്ടില്ല എന്നും മനസിലാക്കുന്നു.

ആയതിനാൽ താങ്കൾക്കെതിരെ 1994–ലെ കേരള പഞ്ചായത്തി രാജ് ആക്ട് 219എഡി വകുപ്പ്/ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 326ഡി വകുപ്പ് പ്രകാരം യൂസർഫീയുടെ അൻപത് ശതമാനം പിഴയോടെ ____ രൂപ പിഴ ചുമത്താവുന്നതാണ്. ആയത് ചുമത്തുന്നതിനെതിരെ താങ്കൾക്ക് എന്തെങ്കിലും പറയുവാൻ ഉണ്ടെങ്കിൽ ഈ നോട്ടീസ് കൈപ്പറ്റുന്ന _________ തീയതി മുതൽ _______ (പരമാവധി പതിനഞ്ച് ദിവസം) –ത്തിനകം സെക്രട്ടറി മുൻപാകെ ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം പിഴത്തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതുമാണ്. അല്ലാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും അറിയിക്കു വാനില്ല എന്ന നിഗമനത്തിൽ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനം ചുമത്തുന്ന പിഴ 1994–ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 210–ആം വകുപ്പ്/ 1994–ലെ കേരള മുനിസിപാലിറ്റി ആക്ടിലെ 538ബി–ആം വകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് വരവാക്കേണ്ട തുകയായി കണക്കാക്കുന്നതും പൊതുനികുതി കുടിശ്ശികയെന്നപോലെ ഈടാക്കുന്നതുമാണ്. കൂടാതെ യൂസർഫീസ് അടയ്ക്കുന്നതുവരെ അത്തരത്തിൽ വീഴ്ച വരുത്തിയ താങ്കൾക്ക് പഞ്ചായത്ത്/ നഗരസഭയിൽ നിന്നുള്ള ഏതൊരു സേവനവും സെക്രട്ടറിക്ക് വിസമ്മതിക്കാവുന്നതാണെന്നും അറിയിക്കുന്നു.

സ്ഥലം: __________

തീയതി: __________ സെക്രട്ടറി/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ(ൻ)

## 4.5. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219ബി വകുപ്പ്/ കേരള മുനിസിപ്പാലിറ്റി ആക്ട് 327 വകുപ്പ് പ്രകാരം പിഴ ചുമത്താനായി കുറ്റാരോപിതർക്ക് നൽകാവുന്ന നോട്ടീസിന്റെ മാതൃക

_____________ ഗ്രാമപഞ്ചായത്ത്/നഗരസഭാ – 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219ബി വകുപ്പ് / കേരള മുനിസിപ്പാലിറ്റി ആക്ട് 327 വകുപ്പിന്റെ ലംഘനത്തിനെതിരെ ശ്രീ/ ശ്രീമതി _____________ എന്നയാൾക്ക് കേരള പഞ്ചായത്ത് രാജ് ആക്ട് 219വൈ വകുപ്പ്/ കേരള മുനിസിപ്പാലിറ്റി ആക്ട് 345എ വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത്/ നഗരസഭ സെക്രട്ടറി നൽകുന്ന,

**<u>കാരണം കാണിക്കൽ നോട്ടീസ്</u>**

നോട്ടീസ് നമ്പർ : ______ തീയതി: _______

വിഷയം : 1994– കേരള പഞ്ചായത്ത് രാജ് ആക്ട്/കേരള മുനിസിപ്പാലിറ്റി ആക്ടിലെ 219ബി / 327 വകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ചു കൊണ്ട് ചട്ടങ്ങളിലോ/ ബൈലോകളിലോ/ സർക്കാർ നിർദ്ദേശങ്ങളോ പ്രകാരം മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കാത്തതിനുള്ള ശിക്ഷാനടപടികൾ സംബന്ധിച്ച്.

സൂചന : തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി/ സെക്രട്ടറി പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ______ തീയതിയിലെ റിപ്പോർട്ട്

സൂചന റിപ്പോർട്ട് പ്രകാരം ______ പഞ്ചായത്തിൽ/നഗരസഭയിൽ, ______ വാർഡിൽ, ______ (വീട്), _______ മകൻ(ൾ) ആയ ___________ എന്ന താങ്കൾ, താങ്കളുടെ ഉടമസ്ഥതയിൽ/ കൈവശമുള്ള ___________എന്ന വീട്/ സ്ഥാപനത്തിൽ നിന്നും താഴെ വിശദീകരിച്ചിരിക്കുന്ന പ്രവൃത്തി ചെയ്തിരിക്കുന്നതായി ബോധ്യപ്പെട്ടിരിക്കുന്നു.

________________________________________________________________________
________________________________________________________________________

മേൽപ്പറഞ്ഞ പ്രവൃത്തി 1994– ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219ബി വകുപ്പ് / കേരള മുനിസിപ്പാലിറ്റി ആക്ടിലെ 327 വകുപ്പിൻ്റെ ലംഘനമാകയാൽ കുറ്റകരവും ശിക്ഷാർഹവുമാണ്.

സൂചന ________ പ്രകാരം നടത്തിയ പരിശോധനയിൽ മേൽപ്പറഞ്ഞ കുറ്റകരമായ പ്രവൃത്തികൾ താങ്കൾ ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടതിനാൽ താങ്കൾക്കെതിരായി ടി നിയമം പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. ടി വകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ചാൽ സെക്രട്ടറിക്ക് ആയിരം രൂപയിൽ കുറയാത്തതും പതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ ചുമത്താവുന്നതാണ്. അപ്രകാരം ശിക്ഷാ നടപടി സ്വീകരിക്കാതിരിക്കുവാൻ എന്തെങ്കിലും കാരണമുള്ള പക്ഷം ആയത് ഈ നോട്ടീസ് കൈപ്പറ്റിയ _______ തീയതി മുതൽ ______ (പരമാവധി 15 ദിവസം)–ത്തിനകം രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും അറിയിക്കുവാനില്ല എന്ന നിഗമനത്തിൽ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനം ചുമത്തുന്ന പിഴ 1994–ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 210–ആം വകുപ്പ്/ 1994–ലെ കേരള മുനിസിപാലിറ്റി ആക്ടിലെ 538ബി–ആം വകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് വരവാക്കേണ്ട തുകയായി കണക്കാക്കുന്നതും പൊതുനികുതി കുടിശ്ശികയെന്ന പോലെ ഈടാക്കുന്നതുമാണ്.

തീയതി: __________

സ്ഥലം: _____________ സെക്രട്ടറി/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ(ൻ)

### 4.6. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219കെ വകുപ്പ്/ കേരള മുനിസിപ്പാലിറ്റി ആക്ട് 337 വകുപ്പ് പ്രകാരം ഉപയോഗിച്ച ജലം പൊതുസ്ഥലങ്ങളിലേക്കോ ജലാശയങ്ങളിലേക്കോ ഒഴുക്കുന്നതിനെതിരെ കുറ്റാരോപിതർക്ക് നൽകാവുന്ന നോട്ടീസിന്റെ മാതൃക

__________ നഗരസഭ/ പഞ്ചായത്ത്– 1994–ലെ പഞ്ചായത്ത് രാജ് ആക്ട്, 219കെ വകുപ്പ് / കേരള മുനിസിപാലിറ്റി ആക്ട് 337 വകുപ്പിന്റെ ലംഘനത്തിനെതിരെ ശ്രീ/ ശ്രീമതി _________എന്നയാൾക്ക് കേരള പഞ്ചായത്ത് രാജ് ആക്ട് 219വൈ വകുപ്പ്/ കേരള മുനിസിപ്പാലിറ്റി ആക്ട് 345എ വകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി നൽകുന്ന,

**<u>കാരണം കാണിക്കൽ നോട്ടീസ്</u>**

നോട്ടീസ് നമ്പർ : _________ തീയതി : ________

വിഷയം :– പൊതു ഓട/ ജലാശയങ്ങൾ/ റോഡ്/ തെരുവ്/ പൊതുസ്ഥലം/ ജലമാർഗ്ഗം തുടങ്ങിയവയിൽ ഉപയോഗിച്ച ജലം തള്ളുന്ന കുറ്റകരമായ പ്രവൃത്തി ചെയ്യുതിലുള്ള നിയമ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്–

സൂചന : തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി/ സെക്രട്ടറി പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ______ തീയതിയിലെ റിപ്പോർട്ട്

സൂചന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ __________ പഞ്ചായത്തിൽ/നഗരസഭയിൽ, ______ വാർഡിൽ, ______ (വീട്), _______ മകൻ(ൾ) ആയ ___________ എന്ന താങ്കൾ, താങ്കളുടെ ഉടമസ്ഥതയിലുള്ള/ കൈവശമുള്ള _________ എന്ന വീട്/സ്ഥാപനവുമായി സംബന്ധിച്ച് താഴെ വിശദീകരിച്ചിരിക്കുന്ന പ്രവൃത്തി ചെയ്തിരിക്കുന്നതായി വിവരം ലഭിച്ചിരിക്കുന്നു.

______________________________________________________________________________
____________________________________________

ഇത്തരത്തിൽ ഉപയോഗിച്ച ജലം ഒഴുക്കുന്നത് കുറ്റകരവും ടി പ്രവൃത്തി 1994–ലെ പഞ്ചായത്തി രാജ് ആക്ട് 219കെ വകുപ്പ് / കേരള മുനിസിപാലിറ്റി ആക്ട് 337 വകുപ്പ് പ്രകാരം ശിക്ഷാർഹവും അയ്യായിരം രൂപയിൽ കുറയാത്തതും അമ്പതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ ചുമത്താവുന്നതാണ്.

അപ്രകാരം ശിക്ഷാനടപടി സ്വീകരിക്കാതിരിക്കാൻ എന്തെങ്കിലും കാരണമുള്ള പക്ഷം ആയത് ഈ നോട്ടീസ് കൈപ്പറ്റിയ _______ തീയതി മുതൽ ______ (പരമാവധി 15 ദിവസം) –ത്തിനകം രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും അറിയിക്കാനില്ല എന്ന നിഗമനത്തിൽ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുന്നതും ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനം താങ്കൾക്കെതിരെ ചുമത്തുന്ന പിഴ 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 210 വകുപ്പ്/ മുനിസിപാലിറ്റി ആക്ട്, 538ബി –ാം വകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് വരവാക്കേണ്ട തുകയായി കണക്കാക്കുന്നതും പൊതുനികുതി കുടിശ്ശികയെന്ന പോലെ ഈടാക്കുന്നതുമാണ്.

കൂടാതെ ജലാശയത്തിലേയ്ക്ക് നിലവിൽ ഉപയോഗിച്ച ജലം ഒഴുക്കിവിടുന്ന ഔട്ട്ലെറ്റ് ഏഴ് ദിവസത്തിനകം അടയ്ക്കുക/മൂടുക/നീക്കം ചെയ്യുകയും ആയത് ചെയ്തിട്ടില്ലാത്ത പക്ഷം ഇനി ഒരു അറിയിപ്പ് കൂടാതെ അത്തരം ഔട്ട്ലെറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേന അടയ്ക്കുകയും ആയതിന് നേരിടുന്ന എല്ലാവിധ ചെലവുകളും താങ്കളിൽ നിന്നും ഈടാക്കുന്നതുമാണ്.

തീയതി: __________

സ്ഥലം: _________ സെക്രട്ടറി/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ(ൻ)

### 4.7. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219എച്ച് വകുപ്പ്/ കേരള മുനിസിപ്പാലിറ്റി ആക്ട്, 334 വകുപ്പ് പ്രകാരം മാലിന്യം നീക്കം ചെയ്യാൻ നൽകാവുന്ന നോട്ടീസിന്റെ മാതൃക

_______________ഗ്രാമപഞ്ചായത്ത്/നഗരസഭാ– 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219എച്ച്/കേരള മുനിസിപ്പാലിറ്റി ആക്ട് 334 വകുപ്പ് ലംഘനത്തിനെതിരെ ശ്രീ./ ശ്രീമതി__________________ എന്നവർക്ക് ഗ്രാമപഞ്ചായത്ത്/ നഗരസഭാ സെക്രട്ടറി നൽകുന്ന,

**<u>നോട്ടീസ്</u>**

നോട്ടീസ് നമ്പർ:_________ തീയതി:________

വിഷയം : അടിഞ്ഞുകൂടിയിട്ടുള്ള ചവറും ഖര മാലിന്യങ്ങളും താമസസ്ഥലമല്ലാത്ത പരിസരങ്ങളിൽ നിന്ന് നീക്കം ചെയ്യാനുള്ള നടപടികൾ സംബന്ധിച്ച്.

സൂചന : തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി/ സെക്രട്ടറി പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ______ തീയതിയിലെ റിപ്പോർട്ട്

സൂചന റിപ്പോർട്ട് പ്രകാരം ______ പഞ്ചായത്തിൽ/നഗരസഭയിൽ, ______ വാർഡിൽ, ______ (വീട്), _______ മകൻ(ൾ) ആയ ___________ എന്ന താങ്കൾ, താങ്കളുടെ ഉടമസ്ഥതയിൽ/ കൈവശമുള്ള ___________എന്ന സ്ഥാപനത്തിൽ/സ്ഥാപന പരിസരത്തിൽ താഴെ വിശദീകരിച്ചിരിക്കുന്ന പ്രവൃത്തി ചെയ്തിരിക്കുന്നതായി ബോധ്യപ്പെട്ടിരിക്കുന്നു.

____________________________________________________________________________
______________

മേൽപ്പറഞ്ഞ പ്രവൃത്തി 1994– ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 219എച്ച് വകുപ്പ് / കേരള മുനിസിപ്പാലിറ്റി ആക്ട്, 334 വകുപ്പിന്റെ ലംഘനമാകയാൽ കുറ്റകരവും ശിക്ഷാർഹവുമാണ്.

മേൽപറഞ്ഞിട്ടുള്ള പരിസരത്തിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യം ചുവടെ നിർദ്ദേശിക്കുന്ന രീതിയിലും മാർഗ്ഗേണയും സമയത്തിനകവും നീക്കം ചെയ്യേണ്ടതാണ്:

____________________________________________________________________________
____________________________________________________________________________

മേൽപ്പറഞ്ഞ രീതിയിൽ കൈയ്യൊഴിയുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം താങ്കൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചയിച്ച് ഈടാക്കുന്നതുമാണ്.

തീയതി: ______

സ്ഥലം: ______ സെക്രട്ടറി/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ(ൻ)

## 4.8. 1994-ലെ കേരള പഞ്ചായത്ത് ആക്ട് 219വി വകുപ്പ്/ കേരള മുനിസിപ്പാലിറ്റി ആക്ട് 334എ വകുപ്പ് പ്രകാരം ഉറവിടത്തിൽ മാലിന്യം /മലിനജലം സംസ്കരിക്കുന്നതിൽ വീഴ്ച വരുത്തുന്നതിന് മാലിന്യ ഉത്പാദകന് നൽകാവുന്ന നോട്ടീസിന്റെ മാതൃക

### എ. ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ സജ്ജീകരിക്കുന്നത് സംബന്ധിച്ച് നൽകാവുന്ന നോട്ടീസ്

_____________ ഗ്രാമപഞ്ചായത്ത്/നഗരസഭ – 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219വി വകുപ്പ് / കേരള മുനിസിപ്പാലിറ്റി ആക്ട് 334എ വകുപ്പിന്റെ ലംഘനത്തിനെതിരെ ശ്രീ/ ശ്രീമതി _____________ എന്നയാൾക്ക് തദ്ദേശ സ്വയംഭരണ സെക്രട്ടറി നൽകുന്ന,

**<u>നോട്ടീസ്</u>**

നോട്ടീസ് നമ്പർ: ______ തീയതി: ______

വിഷയം:– മാലിന്യം/മലിനജലം ഉറവിടത്തിൽ കൈകാര്യം ചെയ്യാതിരിക്കുന്നതിന് എതിരെയുള്ള നിയമ നടപടികൾ സംബന്ധിച്ച്–

സൂചന: തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി/ സെക്രട്ടറി പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ______ തീയതിയിലെ റിപ്പോർട്ട്

സൂചന റിപ്പോർട്ട് പ്രകാരം ______ പഞ്ചായത്തിൽ/നഗരസഭയിൽ, ______ വാർഡിൽ, ______ (വീട്), _______ മകൻ(ൾ) ആയ ___________ എന്ന താങ്കൾ, താങ്കളുടെ ഉടമസ്ഥതയിൽ/ കൈവശമുള്ള ___________എന്ന സ്ഥാപനത്തിൽ/ കെട്ടിടത്തിൽ/ സ്ഥലത്തിൽ മാലിന്യം/മലിനജലം ഉറവിടത്തിൽ കൈകാര്യം ചെയ്യുന്നില്ല എന്നത് താഴെ വിശദീകരിച്ചിരിക്കുന്ന രീതിയിൽ കണ്ട് ബോധ്യപ്പെട്ടിരിക്കുന്നു:

________________________________________________________________________

________________________________________________________________________

ആയത് കുറ്റകരമായ പ്രവൃത്തി ആയതിനാൽ കേരള പഞ്ചായത്ത് രാജ് ആക്ട് 219വി വകുപ്പ് / കേരള മുനിസിപ്പാലിറ്റി ആക്ട് 334എ വകുപ്പ് പ്രകാരം പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാൻ തീരുമാനിച്ചതായി അറിയിക്കുന്നു.

കൂടാതെ താങ്കളുടെ സ്ഥാപനത്തിൽ/ കെട്ടിടത്തിൽ/സ്ഥലത്തിൽ മാലിന്യസംസ്കരണത്തിനുള്ള സംവിധാനങ്ങൾ ________ (പരമാവധി ഒരു വർഷം) കാലയളവിനുള്ളിൽ സജ്ജീകരിക്കേണ്ടതും അല്ലാത്തപക്ഷം താങ്കളുടെ കെട്ടിടത്തിന്റെ/ സ്ഥാപനത്തിന്റെ/ സ്ഥലത്തിന്റെ ലൈസൻസ്/ കെട്ടിടനമ്പർ/ പ്രവർത്തനാനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനം റദ്ദാക്കുന്നതാണ് എന്ന് ഇതോടൊപ്പം അറിയിച്ചുകൊള്ളുന്നു.

സ്ഥലം: ______

തീയതി: ______ സെക്രട്ടറി/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ(ൻ)

## ബി. ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ സജ്ജീകരിക്കാത്തതു സംബന്ധിച്ച് നൽകാവുന്ന കാരണം കാണിക്കൽ നോട്ടീസ്

_____________ ഗ്രാമപഞ്ചായത്ത്/നഗരസഭ – 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 219വി/ കേരള മുനിസിപ്പാലിറ്റി ആക്ട്, 334എ വകുപ്പിന്റെ ലംഘനത്തിനെതിരെ ശ്രീ/ശ്രീമതി _____________ എന്നയാൾക്ക് തദ്ദേശ സ്വയംഭരണ സെക്രട്ടറി നൽകുന്ന,

## കാരണം കാണിക്കൽ നോട്ടീസ്

നോട്ടീസ് നമ്പർ : ______ തീയതി: ______

വിഷയം :– മാലിന്യം/മലിനജലം ഉറവിടത്തിൽ കൈകാര്യം ചെയ്യാതിരിക്കുന്നതിന് എതിരെയുള്ള നിയമ നടപടികൾ സംബന്ധിച്ച്–

സൂചന :

(i)തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി/ സെക്രട്ടറി പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ______ തീയതിയിലെ റിപ്പോർട്ട്.

(ii) ______________ പഞ്ചായത്ത്/ നഗരസഭ സെക്രട്ടറിയുടെ _____ തീയതിയിലെ ______ നമ്പർ നോട്ടീസ്.

(iii)തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി/ സെക്രട്ടറി പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ______ തീയതിയിലെ രണ്ടാം പരിശോധന റിപ്പോർട്ട്.

സൂചന റിപ്പോർട്ട് പ്രകാരം ______ പഞ്ചായത്തിൽ/നഗരസഭയിൽ, ______ വാർഡിൽ, ______ (വീട്), _______ മകൻ(ൾ) ആയ ___________ എന്ന താങ്കൾ, താങ്കളുടെ ഉടമസ്ഥതയിൽ/ കൈവശമുള്ള ____________എന്ന സ്ഥാപനത്തിൽ/ കെട്ടിടത്തിൽ/സ്ഥലത്തിൽ മാലിന്യം/മലിനജലം ഉറവിടത്തിൽ കൈകാര്യം ചെയ്യുന്നില്ല എന്നത് ബോധ്യപ്പെട്ടിരുന്നു. സൂചന (ii) പ്രകാരം മേൽപറഞ്ഞ കുറ്റകരമായ പ്രവർത്തിക്കെതിരെ സ്വീകരിക്കുന്ന നിയമപരമായ തുടർനടപടികൾ സംബന്ധിച്ചും ________ തീയതിക്കുള്ളിൽ ആവശ്യമായ ഉറവിട മാലിന്യ സംസ്കരണ സജ്ജീകരണങ്ങൾ സജ്ജീകരിക്കുന്നത് സംബന്ധിച്ചും നോട്ടീസ് മുഖേന നിർദേശിച്ചിരുന്നു.

ആയത് ടി നോട്ടീസ് പരിധി കഴിഞ്ഞിട്ടും സജ്ജീകരിച്ചിട്ടില്ല എന്ന് സൂചന (iii) പ്രകാരം ബോധ്യമായിട്ടുണ്ട്. ഇത് കേരള പഞ്ചായത്ത് രാജ് ആക്ട് 219വി(2) വകുപ്പ് / കേരള മുനിസിപ്പാലിറ്റി ആക്ട് 334എ(2) വകുപ്പിന്റെ ലംഘനമായതിനാൽ താങ്കളുടെ കെട്ടിടത്തിന്റെ/ സ്ഥാപനത്തിന്റെ/ സ്ഥലത്തിന്റെ ലൈസൻസ്/ കെട്ടിടനമ്പർ/ പ്രവർത്തനാനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് റദ്ദാക്കാവുന്നതാണ്.

അപ്രകാരം നടപടി സ്വീകരിക്കാതിരിക്കാൻ എന്തെങ്കിലും കാരണമുള്ള പക്ഷം ആയത് ടി നോട്ടീസ് കൈപ്പറ്റിയ _______ തീയതി മുതൽ ______ (പരമാവധി 15 ദിവസം)–ത്തിനകം രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും അറിയിക്കാനില്ല എന്ന നിഗമനത്തിൽ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സ്ഥലം: ______

തീയതി: ______ സെക്രട്ടറി/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ(ൻ)

## 4.9. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന് കീഴിൽ കൊണ്ടുവന്നിരിക്കുന്ന 1996-ലെ കേരള മുനിസിപ്പാലിറ്റി (കുറ്റങ്ങൾ രാജിയാക്കൽ) ചട്ടങ്ങളിൽ ചട്ടം 4(1) പ്രകാരം കുറ്റങ്ങൾ രാജിയാക്കുന്നതിനായി ചട്ടത്തിൽ കൊടുത്തിരിക്കുന്ന നോട്ടീസിന്റെ മാതൃക.

______________________________________ മുനിസിപ്പൽ കൗൺസിൽ/ കോർപ്പറേഷൻ

### നോട്ടീസ്

______________________________________ (പേരും മേൽവിലാസവും ) എന്ന താങ്കൾ 1994 –ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ________________________________________– ആം വകുപ്പിലെ/ വകുപ്പുകളിലെ/ ആക്ടിൻകീഴിൽ ഉണ്ടാക്കിയ ___________________________ __________ ചട്ടങ്ങളിലെ ______________________________________–ആം ചട്ടത്തിലെ/ __ ____________________________________ ബൈലായിലെ/ റെഗുലേഷനിലെ വ്യവസ്ഥകൾ ലംഘിക്കുകവഴി താഴെ പട്ടികയിൽ പറയുന്ന കുറ്റം ചെയ്തതായി ശ്രദ്ധയിൽപെട്ടിരിക്കുന്നു. ആയതിനാൽ പ്രസ്തുത ആക്ട് 545 വകുപ്പ് പ്രകാരം താങ്കൾക്ക് എതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു. മേൽ പറഞ്ഞപ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാതിരിക്കുവാൻ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് ലഭിച്ച പതിനഞ്ചു ദിവസത്തിനുള്ളിൽ രേഖാമൂലം ഈ ആഫീസിൽ ബോധിപ്പിച്ചിരിക്കേണ്ടതും നിശ്ചിത സമയത്തിനുള്ളിൽ തൃപ്തികരമായ കാരണം ബോധിപ്പിക്കാത്തപക്ഷം മറ്റൊരു അറിയിപ്പില്ലാതെതന്നെ താങ്കൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു.

പ്രോസിക്യൂഷൻ നടപടി ഒഴിവാക്കി കുറ്റം രാജിവയ്ക്കാൻ താങ്കൾ ഉദ്ദേശിക്കുന്നുവെങ്കിൽ ഈ നോട്ടീസ് ലഭിച്ച് പതിനഞ്ചു ദിവസത്തിനകം മുകളിൽ പറഞ്ഞ വിശദീകരണത്തോടൊപ്പം 1996–ലെ കേരള മുനിസിപ്പാലിറ്റി (കുറ്റം രാജിയാക്കൽ) ചട്ടങ്ങളിലെ 4–ആം ചട്ടം (3)–ആം ഉപചട്ടപ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും അറിയിക്കുന്നു.

പട്ടിക

സ്ഥലം ______________________________________

തീയതി ______________________________________ സെക്രട്ടറി

## 4.10. മാതൃക മഹസ്സർ

ഓരോ സാഹചര്യങ്ങളുടെയും പ്രത്യേകതകൾ മനസിലാക്കി സംഭവ സ്ഥലത്ത് വച്ച് എഴുതേണ്ടതാണ് മഹസ്സർ. സംഭവസ്ഥലത്ത് കാണുന്ന കാര്യങ്ങൾ അതേപടി എഴുതാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. താഴെ കൊടുത്തിരിക്കുന്നത് ഒരു സാങ്കൽപിക കേസ് വിവരണവും ആയതിൻറെ മഹസറുമാണ്.

### കേസ് വിവരണം:

കേരളത്തിന്റെ അതിർത്തി പ്രദേശത്ത് സ്ഥിതി ചെയ്യുന്ന നെടുങ്ങാട് പഞ്ചായത്തിൽ 15 വാർഡുകൾ ഉണ്ട്. 2021ൽ 5 റിസോർട്ടുകൾക്ക് പഞ്ചായത്ത് പ്രവർത്തന ലൈസൻസ് നൽകിയിരുന്നു. മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി പഞ്ചായത്തിന്റെ വിജിലൻസ് സ്ക്വാഡ് 12– ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഫാന്റസി റിസോർട്ടിൽ (കെട്ടിട നമ്പർ. NP12/16) രമേശ് ടി.കെ (പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി) യുടെ നേതൃത്വത്തിൽ മൂന്ന് അംഗ ടീം 06.10.2023ന് രാവിലെ 11:45ന് പരിശോധന നടത്തി:

- 100 കിലോയോളം വരുന്ന അഴുകിയ മാലിന്യങ്ങൾ തരംതിരിക്കാതെ റിസോർട്ടിന്റെ

അടുക്കളയുടെ അടുത്തായി കാനിൽ വച്ചിരുന്നു.

- ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ റിസോർട്ടിൽ ഉണ്ടായിരുന്നില്ല.
- റിസോർട്ടിന്റെ കിഴക്കേ വശത്തായി ഒഴുകുന്ന പുഴയുടെ തീരത്തായി മാലിന്യങ്ങൾ കത്തിച്ചതിന്റെ അവശിഷ്ടം കണ്ടു.

## മാതൃക മഹസർ

നെടുങ്ങാട് പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയായ രമേശ് ടി.കെ. എന്ന ഞാൻ പഞ്ചായത്ത് സെക്രട്ടറി യമുന കെ., കേരള പഞ്ചായത്തീ രാജ് 184–ാം വകുപ്പ് പ്രകാരം ചുമതലപ്പെടുത്തിയതനുസരിച്ച് ഇന്നേ ദിവസം രാവിലെ 11:45 മണിയോടെ 12–ാം വാർഡിലെ ദേവികുളം താലൂക്ക് ദേവികുളം വില്ലേജിൽ ചാലിയാർ പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന കെട്ടിട നമ്പർ NP12/16ൽ പ്രവർത്തിക്കുന്ന ഫാൻറസി റിസോർട്ടിൽ പരിശോധനയ്ക്കായി എത്തി. പഞ്ചായത്ത് വിജിലൻസ് സ്ക്വാഡിന്റെ ഭാഗമായി പഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ആയ ജെയിംസ്, ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടറായ അമല എന്നിവരും ഉണ്ടായിരുന്നു.

റിസപ്ഷനിൽ നിന്ന സ്റ്റാഫിനോട് മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പ്രവർത്തന പരിശോധനയ്ക്കായി എത്തിയതാണെന്ന് അറിയിക്കുകയും തുടർന്ന് ടിയാൻ വിളിച്ചത് പ്രകാരം മാനേജർ വരികയും തന്റെ പേര് വിനായകൻ കെ എന്ന് പറയുകയും റിസോർട്ടിന്റെ തിരിച്ചറിയൽ കാർഡിൽ നിന്നും ആയത് വ്യക്തമാകുകയും ചെയ്തു. റിസോർട്ടിൽ 25 മുറികൾ ഉണ്ടെന്നും ആയതിൽ 14 മുറികളിൽ താമസക്കാർ ഉണ്ടെന്നും ടിയാൻ പറയുകയും ആയത് റിസോർട്ട് രജിസ്റ്ററിന്റെ പരിശോധനയിൽ നിന്നും വ്യക്തമാവുകയും ചെയ്തു. ഇവ കൂടാതെ റസ്റ്റോറന്റ്, മിനി ആഡിറ്റോറിയം എന്നിവ പ്രവർത്തിക്കുന്നു എന്നും മാനേജർ അറിയിച്ചു.

മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് എന്നു ചോദിച്ചതിന്റെ അടിസ്ഥാനത്തിൽ ബിന്നുകൾ, തുമ്പൂർമൂഴി എന്നിവ ഉണ്ടെന്ന് പറഞ്ഞു. തുടർന്ന് ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന സംവിധാനങ്ങൾ നേരിട്ട് പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടു. ശേഷം റിസോർട്ടിന്റെ അടുക്കള പ്രവർത്തിക്കുന്ന സ്ഥലത്തേക്ക് മാനേജറിന്റെ കൂടെ പോയി.

ചെന്നപ്പോൾ അവിടെ പച്ച നിറത്തിലുള്ള ഒരു ബിൻ അടുക്കളയുടെ പുറത്തായി ഇരിക്കുന്നത് കണ്ടു. തുറന്നു നോക്കിയപ്പോൾ അത് കാലി ആയിരുന്നു. പുതുതായി കഴുകി വച്ചതാണ് എന്ന് കണ്ടു. റിസോർട്ടിലെ മാലിന്യം എവിടെ എന്നു ചോദിച്ചപ്പോൾ ഒരു ആഴ്ചയായി അധികം മാലിന്യം ഉത്പാദിപ്പിക്കപ്പെടുന്നില്ല എന്ന് മാനേജർ മറുപടി നൽകി.

അടുക്കളയുടെ പുറകിൽ കുറച്ച് മാറി കിണറിന്റെ സമീപത്തായി ഒരു അടച്ച 100 ലിറ്റർ കാൻ ഇരിക്കുന്നത് കണ്ടിട്ട് മാനേജറിനോട് തുറന്ന് കാണണം എന്നു പറഞ്ഞു. അതിൽ പൂർണ്ണമായി എല്ലാതരം മാലിന്യങ്ങൾ, ജൈവം അജൈവം ഉൾപ്പടെ കൂട്ടിക്കലർത്തി നിക്ഷേപിച്ചിരിക്കുന്നതായി കണ്ടു. ഈ മാലിന്യത്തിൽ നിന്നും ദുർഗന്ധം വമിക്കുന്നുണ്ടായിരുന്നു. ഒരു കോൽ ഉപയോഗിച്ച് ഇളക്കി നോക്കിയപ്പോൾ പുഴുവും ഉണ്ടായിരുന്നു. ഇത്തരത്തിൽ മാലിന്യം കൂടിക്കിടക്കുന്നതിന്റെ കാരണം ചോദിച്ചപ്പോൾ രാത്രിയിൽ തരംതിരിക്കും എന്നും ശേഷം ജൈവ മാലിന്യം തുമ്പൂർമൂഴിയിൽ നിക്ഷേപിക്കും എന്നും അജൈവ മാലിന്യം എസ്. എൻ. എന്ന ഏജൻസിക്ക് കൈമാറും എന്നുമാണ് മാനേജർ പറഞ്ഞത്.

ഇതിന് ശേഷം തുമ്പൂർമൂഴി സന്ദർശിക്കണം എന്നു ആവശ്യപ്പെട്ടതിന് മാനേജർ റിസോർട്ടിന്റെ കിഴക്കേ ഭാഗത്ത് ചാലിയാർ പുഴയുടെ തീരത്ത് തുമ്പൂർമൂഴിയുടെ അടുത്തേക്ക് കൊണ്ടു പോയി. തുമ്പൂർമൂഴിയുടെ ഒരു ഭാഗത്ത് വിറകുകൾ അടുക്കി വച്ചിരിക്കുന്നത് കണ്ടു. മറുഭാഗം പൊളിഞ്ഞു കിടക്കുന്നതും അതിൽ നിന്നും മുൻപ് എപ്പോഴോ നിക്ഷേപിച്ച പഴകിയ മാലിന്യം ചാലിയാർ പുഴയിലേക്ക് ഒഴുകുന്നതായും കണ്ടു.

പുഴയുടെ ഓരത്തായി സ്ഥാപിച്ചിരിക്കുന്ന റിംഗ് കമ്പോസ്റ്റിൽ മാലിന്യം തീ ഇട്ടിരിക്കുന്നതിന്റെയും അവശിഷ്ടവും കണ്ടു. ഇതിനെ സംബന്ധിച്ച് തിരക്കിയപ്പോൾ ഇത് ഒരാഴ്ച മുൻപ് കത്തിച്ച മാലിന്യം ആണെന്നും തരം തിരിച്ച പ്ലാസ്റ്റിക് മാലിന്യം എസ്.എൻ. എന്ന എജൻസിക്ക് ഓരോ ആഴ്ചയിലും തിങ്കളാഴ്ച നൽകുന്നു എന്നും മാനേജർ മറുപടി നൽകി. ഇതിനായി ഏജൻസിയു മായി വച്ചിട്ടുള്ള കരാർ ഉടമ്പടി കാണിക്കാൻ സ്ക്വാഡ് ആവശ്യപ്പെട്ടെങ്കിലും അത്തരത്തിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല എന്നും മാലിന്യം കൂടുമ്പോൾ ഫോൺ വിളിക്കുകയും എജൻസി വന്ന് കൊണ്ടുപോകുകയും ചെയ്യുന്നു എന്നാണ് മാനേജർ അറിയിച്ചത്. അത്തരത്തിൽ കൈമാറിയതിന്റെ മൂന്ന് രസീതുകളും കാണിച്ചു. മാനേജർ കാണിച്ച രസീതിൽ "മാലിന്യം കൈമാറിയതിന്റെ തുക – 3000" എന്ന് മാത്രമാണ് ഉണ്ടായിരുന്നത്. രസീതിൽ ഏജൻസി യുടെ അംഗീകൃത രജിസ്റ്റർ നമ്പറോ ഏജൻസിയുടെ ഫോൺ നമ്പറോ ഉണ്ടായിരുന്നില്ല. അതിനെ സംബന്ധിച്ച് അന്വേഷിച്ചപ്പോൾ ഒരു ഓട്ടോയിൽ വന്നാണ് എടുത്തിട്ട് പോകുന്നത് എന്ന് പറഞ്ഞു. ഡ്രൈവർ അർജുനിന്റെ നമ്പർ 994322599 എന്നാണ് എന്നും പറഞ്ഞു.

തുടർ പരിശോധനയിൽ ടി സ്ഥാപനത്തിൽ മറ്റൊരു ഉറവിട മാലിന്യ സംസ്കരണ ഉപാധികളും കണ്ടില്ല.

ടി പരിശോധന രാവിലെ 12:30–യോടെ അവസാനിച്ചു.

പരിശോധന സമയത്ത് സ്ഥലവാസിയായ നെടുങ്ങാട് പഞ്ചായത്തിലെ 12–ാം വാർഡിൽ സ്ഥിതി ചെയുന്ന കേദാരം വീട്ടിൽ താമസിക്കുന്ന കുഞ്ഞു മകൻ പ്രകാശൻ (50) നും മൂന്നാർ പഞ്ചായത്തിൽ ഒന്നാം വാർഡിൽ രാജീവത്തിൽ കേശവൻ മകൻ രാജീവ് എന്നിവർ സാക്ഷികൾ ആയിരുന്നു.

ടി മഹസർ മാനേജർ വായിച്ച് കേൾപ്പിച്ചു. ഒപ്പിടാൻ വിസമ്മതിച്ചു.

സാക്ഷികൾ: 1.

2.

തീയതി: 06.10.2024 മഹസ്സർ തയ്യാറാക്കിയത്/കൈപ്പട

തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക മേൽവിലാസം

## 4.11. മാതൃക അന്യായം

ഓരോ സാഹചര്യങ്ങളുടെയും പ്രത്യേകതകൾ മനസിലാക്കി തയ്യാറാക്കേണ്ടതാണ് അന്യായം. താഴെ കൊടുത്തിരിക്കുന്നത് ഒരു സാങ്കൽപ്പിക കേസ് വിവരണത്തിനനുസരിച്ചുള്ള മാതൃക അന്യായമാണ്.

**മാതൃക അന്യായം**

ബഹുമാനപെട്ട തൃശ്ശൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി നമ്പർ–1 മുൻപാകെ

CMP No.____/__ 2024

മനോജ് കുമാർ

സെക്രട്ടറി തൃശ്ശൂർ കോർപ്പറേഷൻ അന്യായക്കാരൻ

തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്ക്

കാട്ടൂർ വില്ലേജ്, പ്ലാവിൽക്കൂട്ടത്തിൽ

ഗോവിന്ദൻ മകൻ രൂപേഷ്, 55 വയസ്

തൃശ്ശൂർ ഈസ്റ്റ് പൊലീസ് സ്റ്റേഷൻ പരിധി പ്രതി

അന്യായക്കാരൻ ഭാരതീയ നാഗരിക് സുരക്ഷ സൻഹിത വകുപ്പ് 210(1)(a) പ്രകാരവും കേരള മുൻസിപ്പാലിറ്റി ആക്ട് 1994 വകുപ്പ് 541 പ്രകാരവും ബോധിപ്പിക്കുന്ന അന്യായം

അന്യായക്കാരൻ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയാണ്. അന്യായക്കാരനെ 12.1.20ലെ സ.ഉ.(സാധാ)നം.xcxvsf/123 നമ്പർ ഉത്തരവ് പ്രകാരം തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയായി നിയമിച്ചിട്ടുള്ളതും പ്രസ്തുത ദിവസം മുതൽ ചുമതല ഏറ്റെടുത്ത ടി തസ്തികയിൽ തുടർന്നുവരുന്നതുമാണ്.

തൃശ്ശൂർ കോർപ്പറേഷൻ വാർഡ് 15ൽ സ്ഥിതി ചെയ്യുന്ന അലക്സ ട്രേഡ് സെന്റർ ശരിയായ നിലയിലുള്ള മാലിന്യ സംസ്കരണ സംവിധാനം ഇല്ല എന്ന വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഞാനും എൻഫോഴ്സ്മെന്റ് ചുമതലയുള്ള ഓഫീസർമാരായ സുനിൽകുമാറും, വിനീത എന്നിവരൊന്നിച്ച് തൃശ്ശൂർ കോർപ്പറേഷൻ 15–ാം വാർഡിൽ IX/17 എന്ന് നമ്പറിട്ടു കാണുന്ന റബർ കൊണ്ടുള്ള ഉല്പന്നങ്ങൾ നിർമിക്കുന്ന Alexa Trade Center എന്ന സ്ഥാപനത്തിൽ 21.08.2024 തിയതി രാവിലെ 10 മണിക്ക് എത്തിച്ചേരുകയും സ്ഥലം പരിശോധിച്ചതിൽ ഉറവിടത്തിൽ ജൈവവും അജൈവവുമായ മാലിന്യങ്ങൾ വേർതിരിക്കുന്നതിനു കോർപ്പറേഷൻ നിഷ്കർഷിച്ചിട്ടുള്ള സംവിധാനം ഇല്ല എന്ന് മനസിലാക്കി.

തുടർന്ന് സാക്ഷികളുടെ സാന്നിധ്യത്തിൽ സ്ഥലത്തിന്റെ മഹസർ തയാറാക്കുകയും 6 മാസത്തിനുള്ളിൽ നിയമ ലംഘനങ്ങൾ പരിഹരിക്കാൻ നോട്ടീസ് മുഖേന നിർദ്ദേശം നൽകുകയും ചെയ്തു (പകർപ്പ് ഹാജരാക്കുന്നു).

പ്രതിയുടെ ചെയ്തികൾ 1994 ലെ മുനിസിപ്പാലിറ്റി ആക്ട് 334എ (1) വകുപ്പിന്റെ ലംഘനവും ആയത് 334എ (3) വകുപ്പ് പ്രകാരം കുറ്റകരവും ശിക്ഷ അർഹിക്കുന്നതുമാണ്.

പ്രതി സ്ഥാപനം പ്രവർത്തിച്ചു വന്നിരുന്നത് തൃശ്ശൂർ ടൌൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ അതിർത്തിലായതിനാൽ ബഹുമാനപ്പെട്ട ഈ കോടതിയുടെ അധികാര പരിധിയിൽ ആണ്

ആയതിനാൽ ബഹു കോടതി ഈ കേസിലെ പ്രതിയെ സമൺസ് അയച്ചു വരുത്തി വിചാരണ ചെയ്ത് നിയമം അനുശാസിക്കുന്ന പരമാവധി ശിക്ഷ നൽകണമെന്ന് അപേക്ഷിക്കുന്നു. ഇതു സംബന്ധിച്ച രേഖകളും സാക്ഷി പട്ടികയും ഇതോടൊപ്പം ഹാജരാക്കുന്നു.

സാക്ഷികളുടെ വിശദാംശങ്ങൾ:

1. ______________________
2. ______________________

അനുബന്ധ രേഖകൾ

1. ______________________
2. ______________________
3. ______________________

സ്ഥലം:

തീയതി: പരാതിക്കാരന്റെ ഒപ്പ്

## 5

# മറ്റ് നിയമങ്ങളിലെ പ്രസക്ത വകുപ്പുകൾ

| Section | Description | Authority empowered to take action | Legal action | Punishment |
|---|---|---|---|---|
| Section 271 of Bharatiya Nyaya Sanhita, 2023 | Negligent act likely to spread infection of disease dangerous to life –<br>Whoever unlawfully or negligently does any act which is, and which he knows or has reason to believe to be, likely to spread the infection of any disease dangerous to life | Police | Prosecution | Imprisonment which may extend to 6 months, or fine, or both |
| Section 272 of Bharatiya Nyaya Sanhita, 2023 | Malignant Act likely to spread infection of disease dangerous to life –<br>Whoever malignantly does any act which is, and which he knows or has reason to believe to be, likely to spread the infection of any disease dangerous to life | Police | Prosecution | Imprisonment which may extend to 2 years, or with fine, or both |
| Section 279 of Bharatiya Nyaya Sanhita, 2023 | Fouling public water or spring of public river –<br>Voluntarily corrupting or fouling the water of any public spring or reservoir, so as to render it less fit for the purpose for which it is ordinarily used | Police | Prosecution | Imprisonment which may extend to 6 months or fine which may extend to Rs. 5000, or both |
| Section 280 of Bharatiya Nyaya Sanhita, 2023 | Making atmosphere noxious to health –<br>Voluntarily vitiating the atmosphere in any place so as to make it noxious to the health of persons in general dwelling or carrying on business in the neighbourhood or passing along a public way | Police | Prosecution | Fine which may extend to Rs. 1000 |

| | | | | |
|---|---|---|---|---|
| Section 7 of Environment Protection Act, 1986 | Persons carrying on industry, operation, etc., not allow emission or discharge of environmental pollutants in excess of the standards –<br>No person carrying on any industry, operation or process shall discharge or emit or permit to be discharged or emitted any<br>environmental pollutants in excess of such standards as may be prescribed. | The Central Government or any authority or officer authorised in this behalf by that Government, or any person who has given notice of not less than sixty days, in the manner prescribed, of the alleged offence and of his intention to make a complaint, to the Central Government or the authority or officer authorised as aforesaid. | Prosecution | Imprisonment which may extend to 5 years or fine which may extend to Rs.1 lakh or both,<br>If the failure or contravention continues, then additional fine which may extend to Rs.5000 for every day during which such failure or contravention continues after the conviction for the first such failure or contravention.<br>If the failure or contravention continues beyond 1 year after date of conviction, then imprisonment which may extend to 7 years |
| Section 8 of Environment Protection Act | Persons handling hazardous substances to comply with procedural safeguards –<br>No person shall handle or cause to be handled any hazardous substance except in accordance with such procedure and after complying with such safeguards as may be prescribed. | The Central Government or any authority or officer authorised in this behalf by that Government, or any person who has given notice of not less than sixty days, in the manner prescribed, of the alleged offence and of his intention to make a complaint, to the Central Government or the authority or officer authorised as aforesaid. | Prosecution | Imprisonment which may extend to 5 years or fine which may extend to Rs.1 lakh or both,<br>If the failure or contravention continues, then additional fine which may extend to Rs.5000 for every day during which such failure or contravention continues after the conviction for the first such failure or contravention.<br>If the failure or contravention continues beyond 1 year after date of conviction , then imprisonment which may extend to 7 years |
| S.24 read with S.43 of Water (Prevention and Control of Pollution) Act, 1974 | Prohibition on use of stream or well for disposal of polluting matter –<br>(1) Subject to the provisions of this section,—<br>(a) No person shall knowingly cause or permit any poisonous, noxious or polluting matter determined | Central Pollution Control Board or State Pollution Control Board or<br>Adjudicating officer or any officer authorised by him in this behalf | Prosecution | Penalty not less than Rs.10,000 which may extend to Rs.15 lakhs. (In addition to the liability to pay relief/ compensation under NGT Act, 2010<br>Where such contravention continues, he shall be liable to pay an additional |

| | | | | |
|---|---|---|---|---|
| | in accordance with such standards as may be laid down by the State Board to enter (whether directly or indirectly) into any stream or well or sewer or on land; or<br>(b) No person shall knowingly cause or permit to enter into any stream any other matter which may tend, either directly or in combination with similar matters, to impede the proper flow of the water of the stream in a manner leading or likely to lead to a substantial aggravation of pollution due to other causes or of its consequences. | | | penalty of Rs.10,000 every day during which such contravention continues |
| S.25 read with S.45E of Water (Prevention and Control of Pollution) Act, 1974 | Restrictions on new outlets and new discharges.–<br>(1) No person shall, without the previous consent of the State Board,—<br>(a) establish or take any steps to establish any industry, operation or process, or any treatment and disposal system or any extension or addition thereto, which is likely to discharge sewage or trade effluent into a stream or well or sewer or on land (such discharge being hereafter in this section<br>referred to as discharge of sewage); or<br>(b) bring into use any new or altered outlet for the discharge of sewage; or<br>(c) begin to make any new discharge of sewage | Central Pollution Control Board or State Pollution Control Board or<br>Adjudicating officer or any officer authorised by him in this behalf | Prosecution | For each such failure – imprisonment for a term not less than 1 year and 6 months but which may extend to 6 years and with fine, and in case the failure continues – additional fine which may extend to Rs. 50,000 for every day during which such failure continues after the conviction for the first such failure.<br>If the above failure continues beyond a period of 1 year after date of conviction – imprisonment for a term not less than 2 years but which may extend to 7 years and with fine.<br>Where any person fails to pay the penalty or the additional penalty within 90 days of such imposition – imprisonment for a term which may extend to 3 years, or with fine which may extend to twice the amount of the penalty or additional penalty so imposed or with both. |
| Section 120(e) of the Kerala Police Act, 2011 | Penalty for causing nuisance and violation of public order – | Police | Prosecution | Imprisonment which may extend to 1 year or fine which may extend to Rs.5000 or both |

| | | | | |
|---|---|---|---|---|
| | (e) defiles water sources or water supply or cause hindrance to public sanitation activities or make public place dirty or causes serious damage to environment unlawfully | | | |
| Section 118(e) of the Kerala Police Act, 2011 | Penalty for causing grave violation of public order or danger–<br>(e) Any person who knowingly does any act which causes danger to public or failure in public safety | Police | Prosecution | Imprisonment for a term which may extend to three years or with fine not exceeding Rs. 10,000 or with both. |
| Sections 37(3) & (4) read with S.70(3), S.72(c) of Kerala Irrigation and Water Conservation Act, 2003 | No encroachment shall be allowed in the irrigation land –<br>(3) No person shall let out any industrial effluent or domestic effluent to any water course without proper treatment.<br>(4) No person shall deposit or cause to deposit rubbish or filth or excreta or any other waste materials in any distributary system or water course or allow to flow waste water into it or pollute the water in any other way | Irrigation Officer | Prosecution | Imprisonment which may extend to 3 years or fine which may extend to Rs. 2 Lakhs, or both.<br>If continuing offence (on conviction), fine not exceeding Rs.100 for every day during which the offence continues.<br>If second/subsequent offence, imprisonment not less than 1 year which may extend to 3 years and fine which may extend to Rs.2 lakhs |
| Section 15(5) read with Section 65 of Kerala Public Health Act, 2023 | Water for human use–<br>(5) No person shall erect, throw, or permit to throw or pour or dump or put into public drainage or any drainage connecting public drainage,<br>(a) any construction which affect the drainage or which block the free flow of matters imbedded therein or any other thing or any matter which affect the treatment and disposal of such things;<br>(b) any liquid or steam which either by itself or when combined with other materials within the drainage causes danger, harm or injury to health;<br>(c) any explosive substance. | Local Public Health Officer, or by a person duly authorized by him | Prosecution | Penalty not less than Rs.15,000 and which may not exceed Rs.30,000 |

| | | | | |
|---|---|---|---|---|
| Section 15(6) read with Section 15(8) of Kerala Public Health Act, 2023 | Water for human use–<br>(6) Save as generally or prescribed, no person shall,—<br>(a) put or causes to put or cause to fell or shed or eject or carry or knowingly permit to put, fall, shed or carry, in or around any water course,—<br>(i) any matter, filth, excreta, wash room waste which is injurious to health,<br>(ii) any solid or liquid matter formed out of manufacture or the manufacturing process, which are poisonous, noxious or contaminated or injurious to health;<br>(b) deposit or cause to deposit or eject or cause to fall or put, or shed into water course, or obstructs the free flow of water course by oneself or jointly with similar acts of any other person or to contaminate water therein, or deposit the solid - liquid waste from any factory, manufacturing process or from quarry or to deposit any rubbish or cinders or any other waste including industrial waste; or<br>(c) cause any nuisance in or around any water course in a manner which is injurious to public health. | Local Public Health Officer, or by a person duly authorized by him | Prosecution | Imprisonment which may extend to 3 years or fine not less than Rs.25,000 which may extend to Rs. 2 lakh, or both |
| Section 27(4) of Wildlife Protection Act, 1972 | Restriction on entry in sanctuary–<br>(4) No person shall tease or molest any wild animal or litter the grounds of sanctuary. | Complaint may be made by—<br>(a) Director of Wild Life Preservation or any other officer authorised in this behalf by the Central Government; or<br>(ab) Member-Secretary, Tiger Conservation Authority; or<br>(ac) Director of the concerned tiger reserve; or | Prosecution | Imprisonment which may extend to 3 years or fine which may extend to Rs. 1 lakh, or both |

| | | | | |
|---|---|---|---|---|
| | | (ad) Management Authority or any officer, including an officer of the Wild Life Crime Control Bureau, authorised in this behalf by the Central Government; or<br>(b) Chief Wild Life Warden, or any other officer authorised in this behalf by the State Government | | |
| Section 38J of Wildlife Protection Act, 1972 | Prohibition of teasing, etc., in a zoo.—<br>No person shall tease, molest, injure or feed any animal or cause disturbance to the animals by noise or otherwise, or litter the grounds in a zoo. | Complaint may be made by<br>(aa) Member-Secretary, Central Zoo Authority in matters relating to violation of the provisions of Chapter IVA<br>(bb) Officer-in-charge of the zoo in respect of violation of provisions of section 38J | | Imprisonment for 6 months or fine which may extend to Rs. 2000, or both.<br>In case of second or subsequent offence, then imprisonment upto 1 year or fine extending to Rs. 5000, or both |
| Section 56 of Food Safety and Standards Act, 2006 | Penalty for unhygienic or unsanitary processing or manufacturing of food –<br>Any person who, whether by himself or by any other person on his behalf, manufactures or processes any article of food for human consumption under unhygienic or unsanitary conditions shall be liable to a penalty | Food Safety Officer | Prosecution | Penalty which may extend to RS. 1 Lakh and fine which may extend to Rs. 5 lakh. |
| S.59 of Food Safety and Standards Act, 2006 | Punishment for unsafe food –<br>Any person who, whether by himself or by any other person on his behalf, manufactures for sale or stores or sells or distributes or imports any article of food for human consumption which is unsafe shall be punishable | Food Safety Officer | Prosecution | Imprisonment which may extend to 3 months and also with fine which may extend to Rs. 3 Lakhs. |

| | | | | |
|---|---|---|---|---|
| Section 3 of Indian Railways (Penalties for activities affecting cleanliness at railway | (1) Prohibition of activities affecting cleanliness and hygiene in the railway premises – (a) No person shall throw or deposit litter in any occupied or unoccupied premises or the carriage except in authorized places. | Fine can be collected by – (a) Station Master or Station Manager (b) Officer not below the rank of Ticket | Spot fine | Fine which shall not exceed Rs. 500 |
| premises) Rules, 2012 | (b) Cook, bathe, spit, urinate, defecate, feed animal or birds, repair or wash vehicles, washing utensils or clothes or any other objects or keep any storage in any railway premises except in such facilities or conveniences specifically provided for any of these purposes. (c) paste or put up any poster or write or draw anything or matter in any compartment or carriage of the railway or any premises thereof, without any lawful authority. (d) indulging in defacing railway property Authorised Vendor/hawkers will make necessary arrangement to keep the container or waste basket for collecting litter and proper disposal of its contents | Collector of Commercial Department or an officer of equivalent rank of the Operating Department (c) Any other official authorized by Railway Administration for implementing this rule | | |
| Section 227 of Kerala Motor Vehicles Rules, 1989 | Passengers in public service vehicles.– Rules to be observed by passengers– (1) When a public service vehicle is carrying passengers or waiting to pick up passengers, a passenger or intending passengers shall not– (n) when in or on the vehicle throw any money to be scrambled for by any person on the road or footway, or throw out of the vehicle any bottle, liquid or any article or thing likely to annoy persons or cause danger or injury to any person or property. (p) throw any article from the vehicle or attach to or trail from the vehicle any streamer, balloon, flag or other article in such a manner as to overhang the road | Police | | Any passenger contravening the provisions of these rules may be removed from the vehicle by the driver or conductor or, on request of the driver or conductor, by any police officer. A passenger in or on a vehicle who is reasonably suspected by the driver or conductor of contravening these rules shall on demand give his name and address to a police officer or to the driver or conductor. |

6

# വകുപ്പുകൾ ഒറ്റനോട്ടത്തിൽ

| കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് | കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് | വകുപ്പ് വിശദാംശം | നടപടി ക്രമം | മറ്റ് നടപടികൾ | പിഴ/ശിക്ഷ | പിഴ/ശിക്ഷ ചുമത്തേണ്ട അധികാരി | പിഴ ഒടുക്കിയില്ലെങ്കിലുള്ള തുടർനടപടി |
|---|---|---|---|---|---|---|---|
| | | | | | | | |
| 219എൻ | 340 | പൊതു സ്ഥലങ്ങളിലേക്കോ സ്വകാര്യ സ്ഥലങ്ങളിലേക്കോ മാലിന്യം വലിച്ചെറിയുന്നത് | സ്പോട്ട് ഫൈൻ | | 5000 രൂപ വരെ പിഴ | സെക്രട്ടറി/ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥ(ൻ) | പ്രോസിക്യൂഷൻ |
| 219ഐ | | കടകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും പരിസരം വൃത്തിയായി സൂക്ഷിക്കാതിരിക്കുന്നത് | സ്പോട്ട് ഫൈൻ | | 5000 രൂപ വരെ പിഴ | സെക്രട്ടറി/ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥ(ൻ) | പ്രോസിക്യൂഷൻ |
| | | | | | | | |
| | 335 | കടകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും പരിസരം വൃത്തിയായി സൂക്ഷിക്കാതിരിക്കുന്നത് | സെക്രട്ടറി കുറ്റാരോപിതനെ കേട്ട് പിഴ ചുമത്തൽ | | 5000 രൂപ വരെ പിഴ | സെക്രട്ടറി | പ്രോസിക്യൂഷൻ |
| 219എസി | 326സി | മാലിന്യം വേർതിരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ അംഗീകൃത ഏജൻസിക്കോ കൈമാറാതിരിക്കുന്നത് | സെക്രട്ടറി കുറ്റാരോപിതനെ കേട്ട് പിഴ ചുമത്തൽ | | ആയിരം രൂപയിൽ കുറയാത്തതും പതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ | സെക്രട്ടറി | റവന്യൂ റിക്കവറി |

| | | | | | | | |
|---|---|---|---|---|---|---|---|
| 219എഡി | 326D | യൂസർ ഫീസ് നൽകുന്നതിൽ വീഴ്ച വരുത്തുന്നത് | സെക്രട്ടറി വീഴ്ചവരുത്തിയ വ്യക്തിയെ കേട്ട് പിഴ ചുമത്തൽ | ഫീസ് അടക്കുന്നതുവരെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഏതൊരു സേവനവും നിഷേധിക്കാവുന്നതാണ് | പ്രതിമാസം യൂസർ ഫീയുടെ 50% | സെക്രട്ടറി | റവന്യൂ റിക്കവറി |
| 219ബി | 327 | നിഷ്കർച്ചിട്ടുള്ള രീതിയിൽ ഖരമാലിന്യങ്ങൾ സംഭരിക്കുന്നതിനും നിക്ഷേപിക്കുന്നതിനും മാലിന്യ ഉത്പാദകർക്കുള്ള ചുമതലകളിൽ വീഴ്ച വരുത്തുന്നത് | സെക്രട്ടറി കുറ്റാരോപിതനെ കേട്ട് പിഴ ചുമത്തൽ | | ആയിരം രൂപയിൽ കുറയാത്തതും പതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ | സെക്രട്ടറി | റവന്യൂ റിക്കവറി |
| 219കെ | 337 | ഉപയോഗിച്ച വെള്ളം പൊതുസ്ഥലങ്ങളിലേക്കോ ജലാശയങ്ങളിലേക്കോ ഒഴുക്കുന്നത് | സെക്രട്ടറി കുറ്റാരോപിതനെ കേട്ട് പിഴ ചുമത്തൽ | മലിനജലം ഒഴുക്കിവിടുന്ന പൈപ്പ്, ട്യൂബ് അല്ലെങ്കിൽ മറ്റു മാർഗം അടയ്ക്കുകയോ മൂടുകയോ നീക്കം ചെയ്യുകയോ ചെയ്യുക | അയ്യായിരം രൂപയിൽ കുറയാത്തതും അൻപതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ | സെക്രട്ടറി | റവന്യൂ റിക്കവറി |
| | | | | | | | |
| 219എച് | 334 | താമസസ്ഥലമല്ലാത്ത പരിസരങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചവറും ഖരമാലിന്യങ്ങളും നീക്കം ചെയ്യാതിരിക്കുന്നത് | പ്രോസിക്യൂഷൻ | | 10000 രൂപ വരെ പിഴ | ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് | |
| 219വി | 334എ | ഖരമാലിന്യം/ മലിനജലം ഉറവിടത്തിൽത്തന്നെയഥാക്രമത്തിൽ കൈകാര്യം ചെയ്യാത്തത് (BWG) | പ്രോസിക്യൂഷൻ | കെട്ടിട ലൈസൻസ്, ബിൽഡിംഗ് നമ്പർ, വർക്കിം ഗ് പെർമിറ്റ് റദ്ദാക്കൽ | 6 മാസത്തിൽ കുറയാത്തതും 1 വർഷം വരെ ആകാവുന്നതുമായ തടവോ, ആയിരം രൂപയിൽ കുറയാത്തതും | ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | അൻപതിനായിരം രൂപയിൽ കവിയാത്തതുമായ പിഴയും, രണ്ടും കൂടിയോ | | |
| 219എൽ | | മൃഗത്തിന്റെ തോൽ, മൃഗത്തിന്റെ ശവം എന്നിവ തെറ്റായ രീതിയിൽ കയ്യൊഴിയുന്നത് | പ്രോസിക്യൂഷൻ | | 500 രൂപയിൽ കുറയാത്തതും 2500 രൂപ വരെ ആകാവുന്നതുമായ പിഴ | ഫസ്റ്റ് ക്ലാസ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് | |
| | 338 | മൃഗത്തിന്റെ തോൽ, മൃഗത്തിന്റെ ശവം എന്നിവ തെറ്റായ രീതിയിൽ കയ്യൊഴിയുന്നത് | പ്രോസിക്യൂഷൻ | | 5000 രൂപ | ഫസ്റ്റ് ക്ലാസ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് | |
| 219എസ് | 340എ | മാലിന്യമോ ചവറോ വിസർജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നത് | പ്രോസിക്യൂഷൻ | | 6 മാസത്തിൽ കുറയാത്തതും ഒരു വർഷം വരെ ആകാവുന്നതുമായ തടവോ, 10,000 രൂപയിൽ കുറയാത്തതും 50,000 രൂപ വരെ ആകാവുന്നതുമായ പിഴയോ രണ്ടും കൂടിയോ | ഫസ്റ്റ് ക്ലാസ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് | |
| 219യു | 340ബി | അനധികൃതമായി മാലിന്യമോ വിസർജ്യ വസ്തുക്കളോ കൊണ്ടുപോകുന്നതിന് ഉപയോഗിച്ച വാഹനം പിടിച്ചെടുക്കലും കണ്ടുകെട്ടലും | വാഹനം കണ്ടുകെട്ടൽ | | 5000 രൂപ വരെ പിഴ | സബ് ഡിവിഷൻ മജിസ്ട്രേറ്റ് | റവന്യൂ റിക്കവറി |

*ഇത് നിയമങ്ങളുടെയും ചട്ടങ്ങളുടെയും പ്രസക്ത ഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കായുള്ള കൈപ്പുസ്തകം മാത്രം ആണ്. കാലാകാലങ്ങളിൽ വരുന്ന നിയമഭേദഗതികൾ, കോടതി വിധികൾ, സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി നടപടിക്രമങ്ങൾ സ്വീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.*